# ഇരവിക്കുട്ടിപ്പിള്ള

## വലിയ പടത്തലവൻ

H-384
8101
H-784

വി. നീലകണ്ഠപ്പിള്ള.

# ഇരവിക്കുട്ടിപ്പിള്ള

## വലിയ പടത്തലവൻ

(ഒരു യഥാൎത്ഥ ചരിത്രം)

---

ഗ്രന്ഥകൎത്താ

വി. നീലകണ്ഠപ്പിള്ള.

---

ആർ. വി. ബുക്ക് ഡിപ്പോ,
വഞ്ചിയൂർ, തിരുവനന്തപുരം.

൩-ാം പതിപ്പ് കാപ്പി—൨൦൦൦.

ശ്രീധര പ്രിൻറിഗ് ഹൌസ്,
തിരുവനന്തപുരം.

1113

[വില ചക്രം ൮ം

---

ഗ്രന്ഥകൎത്താവിൻേറയും ബുക്ക ഡിപ്പോവിൻേറയും മുദ്രയില്ലാത്ത
പ്രതികൾ വ്യാജനിൎമ്മിതമാകുന്നു.

# ഇരവിക്കുട്ടിപ്പിള്ള

## വലിയപടത്തലവൻ.

H384

### അദ്ധ്യായം ൧.

#### വേണാട്ട്.

കൊല്ലവർഷം വ്യ൦ന്ന-മുതൽ വ്യ൦ന്നു-വരെ വേണാട്ട് ഭരിച്ചിരുന്നതു് "ഉണ്ണിക്കേരളവർമ്മ" മഹാരാജാവായിരുന്നു. 'നടയറ' മുതൽ 'കന്ന്യാകുമാരി'വരെ നീണ്ടുകിടന്നിരുന്ന ഈ നാട്ടിൻെറ തലസ്ഥാനനഗരം പത്മനാഭപുരവും പടപ്പാളയസ്ഥലം "പുലിയൂർക്കുറിശ്ശിയും" ആയിരുന്നു. ജനബാഹുല്യം കൊണ്ടും ഫലപുഷ്ടികൊണ്ടും ദക്ഷിണ തിരുവിതാംകൂറായിരുന്നു അന്നു് വേണാട്ടിൻെറ പ്രധാനഭാഗം വഹിച്ചിരുന്നതു്. ചിറയിൻകീഴ്, തിരുവനന്തപുരം, നെയ്യാററിൻകര, വിളവംകോട്ട്, കൽക്കുളം, ഇരണിയൽ ഈ ആറു താലൂക്കുകളാണു് അന്നത്തെ വീരപുരുഷന്മാരുടേയും യോദ്ധാക്കളുടേയും വാസസ്ഥാനമായി പ്രശോഭിച്ചതു്. ജനങ്ങളിൽ അധികംപേരും കൃഷീവലന്മാരായിരുന്നു. ക്ഷേത്രസന്നിധാനങ്ങളിലും, നദീതീരങ്ങളിലും ആണു് ജനങ്ങൾ തിങ്ങിക്കുടിപാർത്തിരുന്നതു്. അന്നു് ജന്മികളിൽ അധികംപേരും ബ്രാഹ്മണരും നായന്മാരും ആയിരുന്നു. കുടിയാന്മാരുടെ കൂട്ടത്തിൽ ഇതരജാതികളും ഉൾപ്പെട്ടിരുന്നു. ജന്മികളായ പോററിമാർക്കു് വിസ്തൃതമായ ഭൂമിയുടെ ഉടമസ്ഥതയും പ്രധാന ക്ഷേത്ര

ങ്ങളിലെ അവകാശവും ഉണ്ടായിരുന്നു. ഇന്ന് മഠംവക വസ്തുക്കളായി കാണപ്പെടുന്നത് മുഴവനും അത്തിയറ, കൊല്ലൂര്, മുതലായ യോഗത്തിൽ പോററിമാരുടെ വകയായിരുന്നവയാണ്. കുറുപ്പന്മാർ, ഉണ്ണിത്താന്മാർ, പിള്ളമാർ, മുതലായ സ്ഥാനപ്പേരുണ്ടായിരുന്ന നായന്മാർ, അക്കാലത്ത് രാജ്യത്തിൻേറയും രാജാക്കന്മാരുടേയും രക്ഷക്കായി, പടവെട്ടാൻ പോയതുകൊണ്ട് പണ്ടാരവസ്തുക്കൾ ജന്മാവകാശമായി ലഭിച്ച് അനുഭവിച്ചു വരുന്നുണ്ടായിരുന്നു. എട്ടുവീട്ടിൽപിള്ളമാർ, ആറുവീടർ, ആററൂർ, തിരുവട്ടാർ മുതലായ സ്ഥലങ്ങളിലെ കുറുപ്പന്മാർ, തമ്പിമാർ ഇവരും അക്കാലത്തെ ജന്മികളായിരുന്നു എന്നുള്ളതിന്ന് അനേക ചരിത്രലക്ഷ്യങ്ങളുണ്ട്.

അനന്തശയനം, തിരുവട്ടാർ, ശുചീന്ദ്രം ഈ മൂന്നു പ്രധാന ക്ഷേത്രങ്ങളുടെയും ഭരണം ജന്മിമാരായ പോററിമാരായിരുന്നു നടത്തിവന്നത്. ശ്രീപണ്ടാരവക വസ്തുക്കൾ രാജ്യത്തിൻെറ നാനാഭാഗത്തും ധാരാളം ഉണ്ടായിരുന്നു. അവ പോററിമാരുടെ മേൽനോട്ടത്തിന്മേൽ അന്നത്തെ ഇടപ്രഭുക്കന്മാരുടേയും, മാടമ്പിമാരുടേയും കൈവശാവകാശത്തിൽ കൃഷിചെയ്യപ്പെട്ടിരുന്നു. ക്ഷേത്രം വക ചെലവുകൾക്ക് ക്ഷേത്രഭരണാധികാരികളായിരുന്ന പോററിമാരുടെ 'കുറി' അനുസരിച്ചു, സാധനങ്ങൾ അളന്നേൾപ്പിച്ചുവന്നു.

'അനന്തശയനം' ക്ഷേത്രമായിരുന്നു ഈ മൂന്നു ക്ഷേത്രങ്ങളിലും വച്ച് പ്രധാനമായത്. അനന്തശയനം ക്ഷേത്രത്തിനെ ശ്രീപത്മനാഭസ്വാമി ക്ഷേത്രമെന്നാണ് നാം ഇന്ന് വിളിച്ചുവരുന്നത്. ഈ 'ക്ഷേത്രം' സ്ഥിതിചെയ്യുന്നതിൻെറ വടക്കുഭാഗം ഒരുതരം കുററിക്കാടുകളായിരുന്നു എന്നും അതിനെ അനന്തൻകാട് എന്നു വിളിച്ചുവന്നു എന്നും ഐതിഹ്യം കാണുന്നുണ്ട്. "തിരുവനന്തപുരം"

എന്ന നാമം ഇതിൽ നിന്നുണ്ടായതായിട്ടാണ് ചരിത്ര ലക്ഷ്യം കാണുന്നത്. തിരുവനന്തപുരത്ത് അന്ന് ജനാധിവാസമുണ്ടായിരുന്നത് കോട്ടയ്ക്കകത്തും, കോട്ടയ്ക്കുചുററും വെളിയിലായി, ശ്രീവരാഹം പെരുന്താന്നി പാൽക്കുളങ്ങര വഞ്ചിയൂർ മുതലായ സ്ഥലങ്ങളിലുമായിരുന്നു. വഞ്ചിയൂർകാട്ട്, തയ്ക്കാട്ട്, വഴുതക്കാട്ട്, നന്തൻകാട്ട്, നെടുംകാട്ട്, മുതലായവ അന്ന് നഗരത്തിൻെറ ചുററും ഉണ്ടായിരുന്ന കാടുകളായിരുന്നു എന്നുള്ളതിന് രണ്ടുപക്ഷമില്ല.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെ ഭരിച്ചുവന്നത് 'എട്ടരയോഗം' എന്നു പേരുള്ള ഒരു സംഘമായിരുന്നു. ഇതിൽ ഏഴു പോററിമാരും, ഒരു നായരും അരയോഗം മാത്രമുള്ള മഹാരാജാവും ഉൾപ്പെട്ടിരുന്നു. പോററിമാർ ക്ഷേത്രഭരണം സംബന്ധിച്ച സർവ്വാധികാരികളായിരുന്നു. രാജ്യത്തിൻെറ അധിപനായ മഹാരാജാവിനുള്ള അധികാരം ഇത്ര കുറഞ്ഞുപോയതുകൊണ്ടാണ് യോഗക്കാരും രാജസ്ഥാനവും തമ്മിൽ ഏറെക്കാലം പിണങ്ങിക്കൊണ്ടിരിക്കാനിടയായിട്ടുള്ളത്.

എട്ടരയോഗക്കാർ ശ്രീപത്മനാഭസ്വാമിക്ഷേത്രം വക വസ്തുക്കളെ വിഭജിച്ച് അതതുദേശത്തിൽ പ്രധാനിയായിരുന്ന ഓരോ വമ്പിച്ച ഗൃഹസ്ഥനെ ഏൾപ്പിക്കയുണ്ടായി. എട്ടു ദേശങ്ങളിലുള്ള ജന്മികളെയാണ് ഈ വസ്തുക്കൾ ഏൾപ്പിച്ചത്. അതുകൊണ്ട് അവരെ 'എട്ടുവീട്ടിൽ പിള്ളമാർ' എന്നു വിളിച്ചുവന്നു. അവർ യഥാസമയങ്ങളിൽ വിളവെടുത്ത് സൂക്ഷിച്ചുവയ്ക്കുകയും ആവശ്യപ്പെട്ടുമ്പോൾ കൊണ്ടുചെന്നേൾപ്പിയ്ക്കുകയും ആയിരുന്നു പതിവ്. യോഗക്കാൎക്കും പിള്ളമാൎക്കും തമ്മിലുള്ള അധികാരങ്ങൾക്ക് യാതൊരു നിബന്ധനയും ക്ലിപ്തപ്പെടുത്താതിരുന്നതുകൊണ്ട് കാലക്രമേണ അവൎക്കു തമ്മിൽ മത്സരവും

പിണക്കവും ഉണ്ടാകുന്നതിനിടയായി. ഇതൊക്കെയായിരുന്നു അന്ന് ആഭ്യന്തരകലഹങ്ങൾ ഉണ്ടായതിന്ന് പ്രധാനകാരണങ്ങൾ.

കൊല്ലവർഷം എണ്ണൂറാമാണ്ടിടയ്ക്ക് വേണാടിന്റെ രാജധാനി പത്മനാഭപുരമായിരുന്നു എന്ന് മുമ്പുപറഞ്ഞുവല്ലൊ. മഹാരാജാവു ഒരു മേൽക്കോയ്മയായിത്തന്നെ രാജ്യംഭരിച്ചു എങ്കിലും അദ്ദേഹത്തെ പ്രധാനകാര്യങ്ങളിൽ സഹായിക്കാനും ഉപദേശിക്കാനും ആയി എട്ടുപേർ അടങ്ങിയ ഒരു മന്ത്രിസംഘമുണ്ടായിരുന്നു. ഇവർ രാജ്യത്തിന്റെ നാനാഭാഗത്തുമുള്ള ജന്മികളും ഇടപ്രഭുക്കന്മാരുമായിരുന്നു. ഇവരിൽ ഓരോരുത്തക്കും കളരിയും പടയുമുണ്ടായിരുന്നു. യുദ്ധം മുതലായ കലാപങ്ങൾ ഉണ്ടാകുമ്പോൾ മഹാരാജാവിന്റെ നിർദ്ദേശമനുസരിച്ച് മേൽപറഞ്ഞ മന്ത്രിമാർ അവരുടെ കീഴുള്ള കളരിപ്പടയെ ശേഖരിച്ച് യുദ്ധത്തിനു പോകുകയായിരുന്നു പതിവ്. ഈ 'ഊഴിയ'ത്തിന് അവക്ക് കരമൊഴിവായി വസ്തുക്കൾ വിട്ടുകൊടുത്തിട്ടുള്ളതുകൂടാതെ മാസപ്പടികളും പ്രത്യേക സമ്മാനങ്ങളും നൾകിവന്നു.

എട്ടുവീട്ടിൽപിള്ളമാക്ക്, "രാജാവും പ്രജയും" എന്നുള്ളതൊഴിച്ച് മററു യാതൊരു ബന്ധവുമില്ലായിരുന്നു. എങ്കിലും അവരും, കളരിയും പടയും സൂക്ഷിച്ചുവന്നു. വേണ്ടിവന്നാൽ പൌരന്മാരെന്ന നിലയിൽ അവർ രാജാവിനെ സഹായിച്ചാൽ മാത്രം മതിയായിരുന്നു. അവക്കു കരമൊഴിവായി സ്ഥലങ്ങൾ വിട്ടുകൊടുത്തിരുന്നില്ല. എന്നാൽ മുൻപറഞ്ഞ എട്ടുമന്ത്രിമാർ നിർബന്ധമായിത്തന്നെ സമ്പത്തിലും ആപത്തിലും രാജാവിന് കടപ്പെട്ടവരായിരുന്നു. ഉണ്ണിക്കേരളവമ്മ മഹാരാജാവിന്റെ കാലത്തുണ്ടായിരുന്ന മന്ത്രിമാർ താഴെ പറയുന്നവരാണ്. എടത്തറപോററി

എളമ്പയിൽ പണ്ടാരം, എടമനപ്പോററി, അത്തിയറ പ്പോററി, ഈ പോററിമാരും, കുളത്തൂർപിള്ള, പനയറ പ്പിള്ള, ചെറുവള്ളിപ്പിള്ള, കേരളപുരത്തു് വലിയവീട്ടിൽ പിള്ള, എന്നിവരും ആയിരുന്നു. ഇവരിൽ വലിയവീ ട്ടിൽപിള്ളയാണു് നമ്മുടെ കഥാനായകനായ ഇരവിക്കു ട്ടിപ്പിള്ള. ഉണ്ണിക്കേരളവമ്മ ധീരനും, കരുണാശീലനും, ഈശ്വരഭക്തനും ആയിരുന്നു. അദ്ദേഹത്തിൻെറ ഭരണ കാലം വേണാട്ടു ചരിത്രത്തിലെ അതിപ്രധാനമായ ഒരു കാലഘട്ടമായിരുന്നു എന്നുള്ളതിനു് രണ്ടുപക്ഷമില്ല.

പത്മനാഭപുരം രാജധാനി കോട്ടകൊത്തളങ്ങളെ കൊണ്ടു സുരക്ഷിതമാണെന്നുള്ളതു് ഏതു സന്ദർശകനും മനസ്സിലാക്കാൻ കഴിയുന്നതാണു്. ചുററമുള്ള പ്രകൃതി വിലാസം അത്യന്തം രമണീയമാകുന്നു. വടക്കും കിഴക്കും വേളിമലയും മററുഭാഗങ്ങളിൽ നെടുനീളത്തിൽ കിടക്കു ന്ന പാടങ്ങളുമാണു് അന്നത്തെപ്പോലെ ഇന്നുമുള്ളതു്. "വള്ളിയാറു്" എന്നു വിളിക്കപ്പെടുന്ന ഒരു ചെറുകുല്യ കോട്ടയ്ക്കു അരുകിൽകൂടി ഒഴുകിക്കൊണ്ടിരുന്നു. വടക്കേ കോട്ടയ്ക്കു് വെളിയിലായി കുന്നുകളുടെ മുകളിൽ രണ്ടുകോ ട്ടകൾകൂടി പണിചെയ്തിട്ടുണ്ടു്. ചുററും കാണപ്പെടുന്ന വ നപ്രദേശങ്ങൾ പ്രകൃതിയുടെ ഭയങ്കരതയെ വിളിച്ചറിയി ച്ചിരുന്നു. "പുലിയൂർക്കുറിശ്ശി" എന്നു വിളിക്കപ്പെടുന്ന ഒ രു ചെറിയ കോട്ട അന്നത്തെ പാളയസ്ഥലമായിരുന്നു. ഇതു് ഇന്നത്തെ ഉദയഗിരികോട്ടയുടെ ഒരു ഭാഗമാണു്. മഹാരാജാവിൻെറ അംഗരക്ഷകന്മാരായ ശേവുകക്കാർ (സേവകന്മാർ) ഇവിടെ താമസിച്ചിരുന്നതുകൂടാതെ യുദ്ധ കാലങ്ങളിൽ പടകൂട്ടിയിരുന്നതും യുദ്ധമുറകൾ അഭ്യസി പ്പിച്ചിരുന്നതും ഇവിടെയായിരുന്നു.

---

# അദ്ധ്യായം ൨.

"തിരുമലനായിക്കർ"

വേണാടിന്റെ കിഴക്കുവശം സഹ്യപർവ്വതനിരയും അതിനപ്പുറം പാണ്ഡ്യരാജ്യവുമാണല്ലോ സ്ഥിതിചെയ്യുന്നതു്. ഇന്നത്തെ മധുര, തിരുനൽവേലി, രാമനാഥപുരം, ഈ ജില്ലകൾ അന്നത്തെ പാണ്ഡ്യരാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. കൂടാതേയും പ്രതാപശാലികളായിരുന്ന പല പാണ്ഡ്യരാജാക്കന്മാരും തൃശ്ശിനാപ്പള്ളി, തഞ്ചാവൂർ, കോയമ്പത്തൂർ, മുതലായ ജില്ലകളുംകൂടി അടക്കിഭരിച്ചിരുന്നു. വളരെക്കാലമായി പാണ്ഡ്യരാജാക്കന്മാരുടെ തലസ്ഥാനനഗരം മധുരയായിരുന്നു. ഈ പട്ടണം അന്നും ഇന്നത്തെപോലെ ഹിന്ദുക്കളുടെ പുണ്യസ്ഥലവും തീർത്ഥയാത്രക്കാരുടെ ആവാസസ്ഥാനവുമായിരുന്നു. പാണ്ഡ്യരാജാക്കന്മാർ ധർമ്മിഷ്ഠന്മാരും ഈശ്വരഭക്തന്മാരുമായിരുന്നു എന്നുള്ളതിന്നു് പല ലക്ഷ്യങ്ങളും മധുരയിൽ ഇപ്പോഴും കാണുന്നുണ്ടു്. മധുര മീനാക്ഷിക്ഷേത്രവും അതിനോടു് ചേർന്നുള്ള ധർമ്മാലയങ്ങളും ഉദ്യാനങ്ങളും മററും പാണ്ഡ്യരാജാക്കന്മാർക്കുണ്ടായിരുന്ന പ്രതാപൈശ്വര്യങ്ങളുടെ യശസ്തംഭങ്ങളാണു്.

നായിക്കന്മാരാണു് പാണ്ഡ്യരാജ്യത്തെ വളരെക്കാലം ഭരിച്ചിരുന്നതു്. ഉണ്ണിക്കേരളവർമ്മ വേണാടുവാഴുന്ന കാലത്തു്, മധുരയെ ഭരിച്ചിരുന്നതു്, തിരുമലനായിക്കനെന്ന പ്രതാപശാലിയായ രാജാവായിരുന്നു. അദ്ദേഹമാണു് മധുരയ്ക്കു ലോകപ്രസിദ്ധിയുണ്ടാക്കിയതെന്നും അവിടെ ഇന്നുകാണുന്ന ശില്പകലാവൈദഗ്ദ്ധ്യം മുഴുവനും അദ്ദേഹത്തിന്റെ കാലത്തുണ്ടായിട്ടുള്ളതാണെന്നും പാണ്ഡ്യചരിത്രം

വിളിച്ചുപറയുന്നുണ്ട്. കൂടാതെയും അദ്ദേഹത്തിന് ഒരു വലിയ സൈന്യവും സമർത്ഥന്മാരായ സേനാനായകന്മാരും ഉണ്ടായിരുന്നു. ഈ സൈന്യം തൃശ്ശിനാപ്പള്ളി, മൈസൂർ മുതലായ രാജ്യങ്ങളെ ആക്രമിച്ച് ജയം നേടുകയും ചെയ്തിട്ടുണ്ട്.

ഒരിക്കൽ തിരുമലനായിക്കർ ആരുവാമൊഴി കടന്ന് വേണാടിനെ ആക്രമിക്കുകയും, ഏകദേശം വിളവംകോട്ടു വരെ വരികയും ചെയ്തിരുന്നതായി ഒരൈതിഹ്യം കാണുന്നുണ്ട്. മുഞ്ചിറെയുള്ള തിരുമലക്ഷേത്രം, ഒതച്ചിക്കോട്ട മുതലായവ ഈ ആക്രമത്തിൻെറ സ്മാരകങ്ങളായി ഇന്നും പറഞ്ഞുവരുന്നു. പിന്നേതുവിധത്തിലാണു തിരുമലനായിക്കൻ വേണാട്ടിൽനിന്നും ഓടിക്കപ്പെട്ടതെന്നും, ആരാണ് അതു ചെയ്തതെന്നും ഉള്ള ചരിത്രലക്ഷ്യങ്ങൾ നിഗ്രൂഢങ്ങളായിത്തന്നെയിരിക്കുന്നതേയുള്ളു. ഏതെങ്കിലും തിരുമലനായിക്കർ ഇൻഡ്യയിലെ അന്നത്തെ പ്രതാപശാലികളായ രാജാക്കന്മാരിൽ ഒരാളായിരുന്നു എന്നുള്ളതിന് രണ്ടുപക്ഷമില്ല.

പാണ്ഡ്യരാജ്യം അക്കാലത്ത് കൃഷിക്കും കച്ചവടത്തിനും പ്രസിദ്ധപ്പെട്ടിരുന്നു. വൈഗ, താമ്രവർണ്ണി ഈ രണ്ടു നദികളുമാണ് കൃഷിക്കുവേണ്ട ജലവിതരണം ചെയ്തിരുന്നത്. മധുര, തെക്കെ ഇൻഡ്യയിലെ അന്നത്തെ വ്യാപാരകേന്ദ്രമായിരുന്നു. നായിക്കന്മാർ, മറവർ, റെഡ്ഡികൾ, ചെട്ടികൾ, പിള്ളമാർ(വെള്ളാളർ) പട്ടാണിമാർ, രാകുത്തന്മാർ, തൊട്ടിയന്മാർ, സിംഹളർ, കുറവന്മാർ, വടുകന്മാർ, കൊങ്കണർ മുതലായി പല വർഗ്ഗങ്ങളിലുമുള്ള ആളുകളും അന്ന് പാണ്ഡ്യരാജ്യത്ത് താമസിച്ചിരുന്നു. അധികം പേരും തമിഴ്ഭാഷയാണ് സംസാരിച്ചിരുന്നത്. സിലോൺ മുതലായ വിദേശങ്ങളുമായിപ്പോലും അവർ അന്നു

കച്ചവടം നടത്തിയിരുന്നു. തിരുമലനായിക്കരുടെ സൈന്യത്തിലും ഈ എല്ലാവർഗ്ഗങ്ങളിലുമുള്ള ആളുകൾ ചേർന്നിരുന്നു. അവരിൽ പട്ടാണിമാരും, വടുകരും, മറവന്മാരും നല്ലയോദ്ധാക്കളായിരുന്നു. ഇവരുടെ നായകനായിരുന്ന രാമപ്പയ്യന് അക്കാലത്തെ സൈന്യാധിപന്മാരിൽ ഒരു പ്രധാനസ്ഥാനമുണ്ടായിരുന്നു. അയാൾ വീരപരാക്രമിയും ധൈര്യവാനും ആയിരുന്നതുകൂടാതെ പയററുവിദ്യയിലും അതിസമർത്ഥനായിരുന്നു. രാമപ്പയ്യൻ മൈസൂർരാജ്യത്തെ ആക്രമിച്ച് വിജയംനേടുകയും, മൈസൂരിൻെറ വകയായിരുന്ന കറെസ്ഥലം പാണ്ഡ്യരാജ്യത്തോട്ട് ചേർക്കുകയുംചെയ്തു. അയാൾ സേതുപതിരാജ്യത്തെ ജയിച്ച് കീഴടക്കി. ഇപ്രകാരം അയാൾ തിരുമലനായ്ക്കരുടെ കീർത്തിചന്ദ്രികയ്ക്ക് വ്യാപ്തിവരുത്തി. പാണ്ഡ്യരാജാവ് ഏകഛത്രാധിപതിയായിരുന്നു. അദ്ദേഹത്തിൻെറ മന്ത്രിസഭയിൽ മൂന്നുപേർ മാത്രമേ ഉൾപ്പെട്ടിരുന്നുള്ളു. രണ്ടു പ്രധാന മന്ത്രിമാരും ഒരു യുദ്ധകാര്യമന്ത്രിയും ആയിരുന്നു ആ മൂന്നുപേരും.

തിരുമലനായിക്കന് വേണാടിനെക്കൂടി അടക്കിവാഴണമെന്ന് മോഹമുണ്ടായിരുന്നു. വേണാട്ടിലെ ‘ഐശ്വര്യദേവത നായിക്കൻെറ മനസ്സിനെ വശീകരിച്ചു. ഉണ്ണിക്കേരളവർമ്മ മഹാരാജാവിൻെറ ബലവീര്യപരാക്രമങ്ങളേയും സൈന്യസ്ഥിതികളേയും അവരുടെ സങ്കേതങ്ങളേയും മററും അറിഞ്ഞുവരുന്നതിനു തിരുമലനായിക്കൻ ചാരന്മാരെ അയച്ചിരുന്നു. അവർ ഇവിടത്തെ സൈന്യസംഭരണസമ്പ്രദായങ്ങളെ ശരിയായിമനസ്സിലാക്കാതെ വേണാട്ടിനെ ആക്രമിക്കാൻ ഇതു നല്ലൊരു സന്ദർഭമാണെന്നു തിരുമലനായിക്കനെ അറിയിച്ചു. അദ്ദേഹം വലിയൊരുപടയേ ഉപസേനാനായകൻ വേലയ്യൻെറ കീഴിൽ വേണാട്ടിലേക്ക് അയച്ചു.

---

# അദ്ധ്യായം ൩.

## വേലയ്യന്റെ ആക്രമവും ഇരവിക്കുട്ടിപ്പിള്ളയുടെ സേനാനിവേശവും.

8101

വേലയ്യൻ വലിയൊരു സൈന്യത്തോടുകൂടി പണകുടിമാറ്റും അതുത്തികടന്ന് വേണാട്ടിൽ പ്രവേശിച്ചു. അയാൾ സാവധാനത്തിൽ മുന്നോട്ട കടന്ന്, ശുചീന്ദ്രം, കോട്ടാർ മുതലായ സ്ഥലങ്ങളെ കൊള്ളയിട്ടു തുടങ്ങി. ചെട്ടിമാർ, ചാലിയന്മാർ, വെള്ളാളർ, മുതലായ കുടിക്കാർ ജീവരക്ഷാൎത്ഥം കുഞ്ഞുകുട്ടികളേയുംകൊണ്ടു് ഓടി രക്ഷപ്പെട്ടു തുടങ്ങി. തടുക്കാനാളില്ലെന്നു കണ്ടപ്പോൾ പാണ്ടിപ്പടയ്ക്കു് "പടയണി" തുള്ളാൻ സൌകൎയ്യവും ധൈൎയ്യവും ഉണ്ടായി. അവർ 'ചല്ലടം' 'കാംകുവെള്ള' 'പച്ചച്ചട്ട' എന്നിങ്ങനെ വിവിധവേഷങ്ങൾ അണിഞ്ഞിരുന്നു. ആയുധങ്ങളും മററു സാമാനങ്ങളും അവർ ഒട്ടകത്തിന്മേലാണു് കയററിക്കൊണ്ടുവന്നിരുന്നതു്. അവരുടെ നീതിരഹിതമായ അക്രമങ്ങൾ സഹിക്കവയ്യാതെ പലരും, അവിടെനിന്നും ഓടി. അന്നു 'പുലീക്കുറിശ്ശി' പടപ്പാളയത്തിൽ എഴുന്നള്ളി താമസിച്ചിരുന്ന ഉണ്ണിക്കേരളവൎമ്മയുടെ കൊട്ടാരവാതുക്കലെത്തി. കാവൽനിന്ന ശേവുകക്കാരൻ തിരുമുമ്പിലെത്തി വിവരം ഉണൎത്തിച്ചു. അടുത്തു് ഇരവിക്കുട്ടിപ്പിള്ളയും നിന്നിരുന്നു. ജനങ്ങളുടെ ഭയസംഭ്രമങ്ങളോടുകൂടിയ സങ്കടങ്ങൾ മുഴുവനും കേട്ടതിനുശേഷം പ്രജാവത്സലനായ തിരുമനസ്സുകൊണ്ടു് ഇരവിക്കുട്ടിപ്പിള്ളയുടെ മുഖത്തുനോക്കി ഇപ്രകാരം അരുളിച്ചെയ്തു.

"ഇരവീ! പട, കൂട്ടിവരുമ്പോൾ പാവപ്പെട്ട പ്രജകളിൽ പലരും പാണ്ടിപ്പടയുടെ വാളിനു് ഇരയാകും. പടപ്പാളയത്തിലുള്ളതും കൊണ്ടു് നാം 'മുമ്പട' നടത്താം.

നിൻെറ കളരിക്കാരേയും കൊണ്ടു് നീ പിന്തുണയ്ക്കു വാ”
ഇരവിക്കുട്ടിപ്പിള്ള:—“തിരുവുള്ളം കലങ്ങരുത്. അടിയങ്ങളൊട്ടുങ്ങിക്കണ്ടാൽ അററകൈക്കു മതി തിരുമേനി ഇറങ്ങുന്നതു്. അടിയൻ ഇവിടെ കിടക്കുന്ന പടയും കൊണ്ടു തിരിക്കാം. ഇപ്പഴാളയച്ചാൽ ‘കാളി’ കളരിപ്പടയും കൊണ്ടു് വെളുക്കുംമുമ്പേ അടിയൻെറ കൂടെ എത്തും. ആ വടുകപ്പടയെ ഒടുക്കിയതിനു ശേഷമേ അടിയൻ തിരിച്ചുവിടകൊള്ളുകയുള്ളു.”

മഹാരാജാവു് സംതൃപ്തനായി അദ്ദേഹം ഇരവിക്കുട്ടിപിള്ളയെ അനുഗ്രഹിച്ചു് വാളും പരിശയും കൊടുത്തു് പടപ്പാളയത്തിലേക്കയച്ചു. പടപുറപ്പെട്ടു. പറഞ്ഞയച്ചിരുന്നതനുസരിച്ചു് പ്രിയശിഷ്യനായ കാളിനായർ കളരിപ്പടയുംകൊണ്ടു ആ രാത്രിയിൽ തന്നെ തിരിച്ചു് പ്രഭാതത്തിൽ തോട്ടിയോട്ടേലായിൽവച്ചു് പ്രധാനസൈന്യത്തോടുചേന്നു. പടച്ചട്ടയും ധരിച്ചു്, വാളും പിടിച്ചു്, ഒരൊന്നാംതരം ശ്വേതാശ്വത്തിൽ കയറി സമരകാഹളധ്വനിയോടെ മുമ്പോട്ടുപായുന്ന ആ വീരസേനാനിയെ കണ്ടപ്പോൾ സ്വരാജ്യസ്നേഹത്താൽ മതിമറന്നുപോയ അനുയായികളും അതിനൊപ്പം ‘വീറോടുകൂടി’ മുമ്പോട്ടു പോകാൻ ശക്തരായതിൽ അത്ഭുതപ്പെടാനില്ല.

നാഗരുകോവിലിൽ വടശ്ശേരി മൈതാനത്തുവച്ചു് വേലയ്യനുമായി കൂട്ടിമുട്ടി. ഒരു വലിയ യുദ്ധം നടന്നു. കുറേ നേരം വാളുകളുടെ സംഘട്ടനങ്ങളേ കാണ്മാനുണ്ടായിരുന്നുള്ളു. അനേകംപേർ തലയററും കാലററും മററും നിലത്തു വീണു മുറവിളികൾ മാറെറാലിക്കൊണ്ടു. സമരസന്നദ്ധതകളുള്ള ഇരവിക്കുട്ടിപ്പിള്ളയുടെ സിംഹനാദം എങ്ങും മുഴങ്ങിക്കൊണ്ടിരുന്നു. “വേണാട്ടിൻെറ വീറ് വിടരുതു്.” മുലപ്പാലുകുടിച്ചവരെങ്കിൽ മുൻവച്ച കാൽപിന്നോട്ടെടുക്കരുതു്.” “പാണ്ടിപ്പട പറന്നോടുന്നതു് നോക്കി

ക്കോ" ഇത്യാദി വീര്യോത്തേജകങ്ങളായ വാക്കുകൾ വേണാട്ടുസൈന്യത്തിൻെറ തളച്ചയെ തീൎത്തുകൊണ്ടിരുന്നു. എണ്ണൂററിപത്തിലെ മീനച്ചൂടിൻെറ കാഠിന്യംകൊണ്ട് രണ്ടുകൂട്ടരും കിതച്ചുതുടങ്ങി. എന്നാൽ ഭാഗ്യനക്ഷത്രം വേണാട്ടിൻെറ വിജയാകാശത്തിൽതന്നെ ഉദിച്ചുകിളന്നു. വേലയ്യൻ വെട്ടേററു് മരിച്ചുവീണു. പാണ്ടിപ്പട ഭയന്നോടി. പലരും തടവുകാരായി പിടിക്കപ്പെട്ടു. മററുള്ളവരെ "ആറാംവഴി" (ആരുവാമൊഴി) ക്കപ്പുറം വരെ ഓടിച്ചു വേണാട്ടു വിജയ കാഹളധ്വനിയോടെ യുദ്ധക്കളത്തിൽ നിന്നും തിരിച്ചു.

അക്ഷമനായിരുന്ന മഹാരാജാവു തിരുമേനി ഈ വിജയവാൎത്ത അറിഞ്ഞു ആനന്ദ നിമഗ്നനായി ചമഞ്ഞു. അദ്ദേഹം ഇരവിക്കുട്ടിപ്പിള്ളയെ രണ്ടു കൈകൊണ്ടും ശിരസ്സ്തൊട്ടനുഗ്രഹിച്ചു് ഇപ്രകാരം അരുളിച്ചെയ്തു.

'പ്രിയപ്പെട്ട ഇരവി! വീൎയ്യലക്ഷ്മി നിന്നെയും വിജയലക്ഷ്മി നമ്മെയുമാണ് വരിച്ചതു്. വേണാട്ടിനും വലിയ വീട്ടിലീശ്വരിക്കും നീയൊരഭിമാനം നേടിവച്ചു. ഇതൊരു വലിയ പ്രതിഫലമല്ലെങ്കിലും—ആട്ടെ, ഇതുയുമിരിക്കട്ടെ.

മഹാരാജാവ് ഒരു നീട്ടു പട്ടയം ഇരവിക്കുട്ടിപ്പിള്ളയുടെ കയ്യിൽ കൊടുത്തു.

"കേരളപുരത്തു് വേപ്പൻ കോണത്തേലാ പതിനെട്ടുകോട്ടയും പടയേററു വിരുത്തിക്കായി ദാനം ചെയ്തിരിക്കുന്നതായിട്ടാണു നീട്ടു്"

ഇരവിക്കുട്ടിപ്പിള്ള വിനയപൂൎവ്വം അതു് കൈയിൽ വാങ്ങിയെങ്കിലും "വീടു പുലരാൻ വേണ്ടതു കാരണവരു് തൃപ്പാദം സേവിച്ചുതന്നെ സമ്പാദിച്ചിട്ടുണ്ട്. രാജ്യം രക്ഷിക്കേണ്ടതു് അടിയൻെറ കടമ. സമ്മാനം, തിരുവുള്ളം സന്തോഷംകൊണ്ടു നിറയുന്നതു് കാണ്മാനുള്ള ഭാഗ്യം

മാത്രം. അടിയനു മതി. കല്പിച്ച് ക്ഷമിക്കണം" എന്നു പറഞ്ഞു തിരിച്ചു തൃപ്പാദത്തിൽവച്ച് തൊഴുതു വിടവാങ്ങി.

അങ്ങനെ ആ രാജ്യഭക്തൻ നിസ്വാത്ഥനം കൂടിയാണെന്ന് മഹാരാജാവിനു ബോദ്ധ്യമായി. ആ അവസരത്തിൽ എട്ടത്തറ മുതലായ മററു മന്ത്രിമാരും അവിടെ സന്നിഹിതരായിരുന്നു. അവക്ക് ഈ രംഗം തീരെ സന്തോഷപ്രദമായിരുന്നില്ല. അസൂയ, അത്ഭുതകരമായ ഒരു രോഗംതന്നെയാണ്. അത് അന്യരേയും, ഒടുവിൽ തന്നേയും ബാധിച്ചു നശിപ്പിക്കുന്നു. ഈ ലോകത്തിലുള്ള പലവിധ കലഹത്തിനും കാരണം അസൂയയാണ്. എടത്തറ മുതലായ ധനാഢ്യന്മാരെ ഈ ദുർഗ്ഗുണം ബാധിച്ചതിൻെറ ഫലമെന്തൊക്കെയാണെന്നു ഈ കഥാവശിഷ്ടം വെളിപ്പെടുത്തുന്നതാണ്.

---

## അദ്ധ്യായം ၈.

---

### ഇരവിക്കുട്ടിപ്പിള്ളയുടെ ഗൃഹം.

'ദക്ഷിണതിരുവിതാംകൂർ' ചരിത്രപുരുഷന്മാരുടെ ജനനവൈശിഷ്ട്യം കൊണ്ട് പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ഒരു ദിക്കാണ്. ആറുമുഖംപിള്ള, അയ്യപ്പൻ മാർത്താണ്ഡപിള്ള, രാജാകേശവദാസൻ, വേലുത്തമ്പിദളവാ മുതലായ സമർത്ഥന്മാരായ മന്ത്രിപുംഗവന്മാരുടെ യശശ്ശരീരം നിലനിൽക്കുന്നിടത്തോളംകാലം അവരുടെ ജന്മദേശങ്ങളുടെ പ്രാധാന്യം ശാശ്വതസ്തംഭങ്ങളായിത്തന്നെ സ്ഥിതിചെയ്യുന്നതാണ്. വിളവംകോട്ടു താലൂക്കിലെ കുന്നത്തൂർ ദേശവും, ഇരണിയൽ താലൂക്കിലെ തലക്കുളവും സന്ദർശിക്കുമ്പോൾ നമുക്കുണ്ടാകുന്ന ആനന്ദപുളകം ആ മഹാ

ത്മാക്കളെ കുറിച്ചുള്ള സ്മരണകൊണ്ടല്ലെങ്കിൽ പിന്നെ മറെറന്താണ്?

തക്കലെക്കു അല്പം വടക്കു പടിഞ്ഞാറുമാറി സ്ഥിതി ചെയ്യുന്ന 'കേരളപുര'വും അതുപോലെയൊരു ചരിത്ര പുരുഷൻെറ ജന്മദേശമാണെന്നു പറയുന്നതു്, ഈ അടുത്തകാലത്തുള്ളവക്കു അത്ഭുതകരമായി തോന്നാനിടയില്ല. വീരപുരുഷനായ ഇരവിക്കുട്ടിപ്പിള്ള ജനിച്ചതു് കേരളപുരം ക്ഷേത്രത്തിനു് തെക്കുപടിഞ്ഞാറു ഭാഗത്തു് സ്ഥിതിചെയ്തിരുന്ന ഒരു ഗൃഹത്തിലായിരുന്നു. ഇപ്പോൾ ആ സ്ഥാനത്തു ഗൃഹം ഉണ്ടായിരുന്നു എന്നൊരു ലക്ഷ്യമല്ലാതെ മുഴുവൻ സ്ഥലവും നിലം നിരത്തുകയാണ് ചെയ്തിരിക്കുന്നതു്. ചരിത്രരേഖകൾ സൂക്ഷിക്കുന്ന ഒരേപ്പാടു് പുരാതനകേരളീയരുടെ ഇടക്കു് നടപ്പില്ലാതിരുന്നതുകൊണ്ടു് അദ്ദേഹത്തെ സംബന്ധിച്ചുള്ള നിസ്സംശയമായ ഒരു ചരിത്രം ലഭിക്കാൻ വളരെ പ്രയാസമായിട്ടാണ് കാണുന്നതു്. എങ്കിലും "ഇരവിക്കുട്ടിപ്പിള്ളപ്പോരു്" (കണിയാകുളം പോരു്) എന്ന വില്ലടിച്ചാൻ പാട്ടിൻേറയും മററു് അന്വേഷണങ്ങളുടേയും ഫലമായി കിട്ടീട്ടുള്ള ലക്ഷ്യങ്ങൾ കൊണ്ടാണ് നമുക്കിന്നു് അല്പമെങ്കിലും അദ്ദേഹത്തെപ്പററി അറിയാനിടവന്നിട്ടുള്ളതു്. ആ ഗൃഹത്തിൻെറ നാമം വലിയവീടെന്നും മാതാവിൻെറ നാമം ഈശ്വരിപിള്ളയെന്നും ആയിരുന്നു എന്നത്രെ പഴമപരിചയമുള്ള വൃദ്ധന്മാർ പറയുന്നതു്. അദ്ദേഹത്തിൻെറ ജനനം ഏകദേശം ൮൦൨-ൽ ആണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. വളരെ ബാല്യത്തിൽ തന്നെ പിതാവും വലിയ വീടടക്കി ഭരിച്ചിരുന്ന മാതുലനും മരിച്ചുപോയതിനാൽ സൽഗുണവതിയും പ്രൌഢിയുമായ മാതാവിൻെറ സംരക്ഷണയിലാണ് ബാലനായ ഇരവിക്കുട്ടി വളന്നു വന്നതു്. പിതാവും മാതുലനും ഒരുപോലെ പടനടത്തിയവരും പയററിയവ

രുമാണെന്നുള്ളതിന് വലിയ വീട്ടുവകയായുണ്ടായിരുന്ന ഒരു കളരിയും ഇരവിക്കുട്ടിപ്പിള്ള വേലയുവനെ വെന്നു വന്നപ്പോൾ അമ്മ മകനു കാണിച്ചുകൊടുത്തതായി പറയുന്ന വലിയ വാളും പരിചയും ലക്ഷ്യം വഹിക്കുന്നുണ്ട്. പിതാവു മരിക്കുമ്പോൾ ഇരവിക്കുട്ടിപ്പിള്ളക്ക് ഒരു നല്ല കളരിയും കല്ലറയ്ക്കലാശാൻ എന്നു പ്രസിദ്ധിനേടിയ ഒരു ഗുരുവിനേയുമാണ് ലഭിച്ചത്. പതിനാറുവയസ്സിനകം അദ്ദേഹം ഒരു നല്ല അഭ്യാസിയായിത്തീൎന്നു. ഗുരുവിൻെറ അനുഗ്രഹത്തോടുകൂടി കളരിയുടേയും ഗൃഹത്തിൻേറയും നായകത്വം സമ്പാദിച്ചു. ഗൃഹവിചാരിപ്പായിരുന്ന മാതുപിള്ള ആശാൻെറ സഹായത്തോടുകൂടി കുടുംബപ്പതിവനുസരിച്ച്, തന്നെയും, കളരിയേയും അന്നു രാജ്യം ഭരിച്ചിരുന്ന (൯൨൮ മുതൽ ൮൦൦ വരെ) ഉണ്ണിക്കേരളവൎമ്മക്ക് അടിയറവച്ച് അനുജ്ഞയും വാളും വാങ്ങി. ഗൃഹത്തിൻെറ ഈട്ടം നിലയും ഉറപ്പിച്ച്, മാതൃശുശ്രൂഷയും വഴിയാംവണ്ണം ചെയ്തു, 'കളരിപ്പിള്ളകളെ' പയററുമുറകളും അഭ്യസിപ്പിച്ച് നാട്ടുകാരുടെ ബഹുമാനപാത്രമായി വാണു. ഇങ്ങനെ ഏഴെട്ടു കൊല്ലം കഴിഞ്ഞതിൽ പിന്നീടാണ് അദ്ദേഹം ഉണ്ണിക്കേരളവൎമ്മ മഹാരാജാവിൻെറ പ്രീതിക്കു പാത്രീഭവിച്ചതും, ആ തിരുമനസ്സിലെ മന്ത്രിസഭയിലെ ഒരംഗമായി നിയമിക്കപ്പെട്ടതും.

ഇതിനിടയ്ക്കു 'കാളി' എന്നു പേരുള്ള ഒരു അനാഥബാലനെ ശിഷ്യനായി അദ്ദേഹത്തിനു ലഭിച്ചു. വിളവംകോട്ടുതാലൂക്കിൽ അംശിദേശത്തിനടുത്ത് കുഞ്ചാകോട് എന്ന സ്ഥലത്തുള്ള ഒരു പാവപ്പെട്ട കുടുംബത്തിലാണ് കാളിനായരു ജനിച്ചത്. അച്ഛനും അമ്മയും ഏഴുവയസ്സിൽ തന്നെ മരിച്ചുപോയതിനാൽ അനാഥനായിത്തീൎന്ന ഇൗ

ബാലൻ തൻെറ ഒരമ്മാവൻെറ കഠിനമായ ശിക്ഷയിൽ നിന്നു രക്ഷനേടാനായി വീടുവിട്ടിറങ്ങിപ്പോയി. പലടത്തും ചുററിനടന്ന് ഒടുവിൽ ഇരവിക്കുട്ടിപ്പിള്ളയുടെ വീട്ടിൽ എത്തിച്ചേൎന്നു. ബാലൻെറ ദൃഢകായവും സാധുത്വവും കണ്ടു് കനിവും കൌതുകവും തോന്നിയ "ഈശ്വരിപ്പിള്ള" അവനെ കളരിയിൽ ചേൎത്തഭ്യസിപ്പിക്കാൻ മകനോട്ട് ശുപാൎശചെയ്തു. അദ്ദേഹം അവനെ ശിഷ്യനായി സ്വീകരിച്ചു. നശിച്ചുപോയ മാതൃവാത്സല്യം കാളി വീണ്ടും അനുഭവിച്ചുതുടങ്ങി. അനുസരണയും, അഭ്യസന സാമൎത്ഥ്യവും കൊണ്ടു് ബാലൻ ഇരവിക്കുട്ടിയുടെ പ്രീതിയെ എളുപ്പത്തിൽ സമ്പാദിക്കുകയും അധികം താമസിയാതെ അദ്ദേഹത്തിൻെറ ഉത്തമശിഷ്യനായി തീരുകയുംചെയ്തു. കാളിനായരുടെ ഗുരുഭക്തി ഇന്നത്തെ വിദ്യാൎത്ഥികൾക്കു് പുഛമായി തോന്നിയേക്കാം. പുരാതനകാലങ്ങളിലെ ഗുരുകുലവാസം പോലെയായിരുന്നു, കാളിനായരും ഇരവിക്കുട്ടിപ്പിള്ളയുമായുള്ള ബന്ധം. ഗുരു തൻെറ കാണപ്പെട്ട ദൈവമാണെന്നു വിചാരിച്ചാണു് കാളിനായർ ആരാധിച്ചതു്. അക്ഷരജ്ഞാനവും ഇരവിക്കുട്ടിപ്പിള്ളയുടെ കയ്യിൽ നിന്നുംതന്നെ ആ ബാലൻ അഭ്യസിച്ചു. കായികശക്തികൊണ്ടും അഭ്യസന ചാതുൎയ്യംകൊണ്ടും കാളിനായരോടു കിടനില്ക്കാൻ അന്നാരുംതന്നെ ഉണ്ടായിരുന്നില്ല കാളിനായരുടെ സാന്മാൎഗ്ഗിക നിഷ്ഠയായിരുന്നു അയാൾക്കു ഇത്ര ചെറുപ്പത്തിൽതന്നെ അമാനുഷമായ ഒരു ശക്തി ഉണ്ടാക്കിക്കൊടുക്കുവാൻ കാരണമായി തീൎന്നതു്. വളൎച്ചയെ പ്രാപിക്കുന്ന ഒരു ബാലതരുവിനു് ദുൎമ്മാൎഗ്ഗചരണം ഒരു കണ്ടകോടാലിയായി തീരുമെന്നുള്ളതിനു് രണ്ടുപക്ഷമില്ല.

ഈശ്വരി അമ്മയ്ക്കു് ഇരവിക്കുട്ടിപ്പിള്ള ഏകപുത്രനായിരുന്നതിനാൽ കാളിനായർ അദ്ദേഹത്തിൻെറ അംഗരക്ഷകനെന്ന നിലയിൽ അനുഗമിച്ചുകൊണ്ടിരുന്നു. വേലയ്യനുമായുള്ള യുദ്ധത്തിൽ, കാളിനായർ വീരപരാക്രമിയായ ഒരു യോദ്ധാവാണെന്നുള്ള കാര്യം ഇരവിക്കുട്ടിപ്പിള്ളക്കു് മനസ്സിലാക്കാൻ കഴിഞ്ഞു.

യുദ്ധം ജയിച്ചുവരുന്ന മകനെ കണ്ടപ്പോൾ, ആ വീരമാതാവിന് രോമാഞ്ചമുണ്ടായി. മകനെപ്പിടിച്ചു് മാറോടണച്ചു് മൂർദ്ധാവിൽ ചുംബിച്ചിട്ടു് ഇപ്രകാരം പറഞ്ഞു.

"മകനേ ഇരവി! എൻെറ മനസ്സു നിറഞ്ഞു. എൻെറപ്പൻ വലിയവീട്ടിൻേറയും വേണാട്ടിൻേറയും മാനം നേടി. ഞാൻ പെററതു് പേടല്ലെന്നു് മാലോകരു പറയണതാണു് എനിക്കു മതിപ്പു്."

ഇരവിക്കുട്ടി:—"അമ്മ! അപ്പുണ്യം പിറവിയിൽക്കൂടി കിട്ടിയതല്ലേ. അപ്പനും ആശാനും അനുഗ്രഹിച്ചഭ്യസിപ്പിച്ചതു് പാഴായിപ്പോകുമോ."

ഈ സംഭാഷണം ഇന്നത്തെ ഓരോ വിദ്യാത്ഥിയും ഓമ്മിക്കേണ്ടതാണു്.

ഈശ്വരി അമ്മ മകനെ വിവാഹത്തിലേപ്പെടുത്താൻ വേണ്ട ഉത്സാഹം ചെയ്തു ഇരവിക്കുട്ടിപ്പിള്ള തൻെറ ഗുരുവിൻെറ അന്ത്യശാസനം അനുസരിച്ചു് അദ്ദേഹത്തിൻെറ ഏകപുത്രിയായ ദേവകിയെ വിവാഹംകഴിച്ചു. ബാല്യംകഴിഞ്ഞു് കൌമാരത്തിൽ കാലുവച്ചകാലംമുതൽ ഇരവിക്കുട്ടിപ്പിള്ളയെ ആത്മനാഥനായി കരുതിപ്പോന്ന ദേവകിക്കുട്ടി ഇരവിക്കുട്ടിപ്പിള്ളയുടെ ഗാർഹസ്ഥ്യജീവിതത്തെ ആനന്ദപ്രദമാക്കിത്തീർത്തു. അവൾ ഭർത്തൃമതിയും സുശീലയുമായതുകൊണ്ടു് ഭത്താവിനെ ദൈവമായി കരു

തിപൂജിച്ചുവന്നു. അവളുടെ ആദൎശവനിതകൾ സീതാദേവിയും ദമയന്തിയുമായിരുന്നു!

ഇതിനിടക്ക്, കാളിനായർ ആയുധസജ്ജീകരണത്തിനായി തിരുവനന്തപുരത്തു പോകാൻ ഗുരുവിനോടനുവാദം ചോദിച്ചു. ശിഷ്യനെപ്പിരിയുന്നതിലുള്ള ഖേദംകൊണ്ടും തനിക്കിനി കാളിനായരെ കാണാൻ സാധിക്കുകയില്ലെന്നു എന്തോ ഒരു ഭൂതോദയം ഉണ്ടായതുകൊണ്ടും ഇരവിക്കുട്ടിപ്പിള്ള ശിഷ്യനോടിപ്രകാരം പറഞ്ഞു.

“കാളി! നിനക്കു പോകാൻ തോന്നിയതുകൊണ്ട് ഞാൻ ഇപ്പോൾ തടുക്കുന്നില്ല. എന്നാൽ നീ ഇനി തിരിച്ചു വരുമ്പോൾ എന്നെ ഇങ്ങുകാണുമെന്നു തോന്നുന്നില്ല. ഇവിടെ ഞാനില്ലെന്നുകണ്ടാൽ ദേവകി പറയുന്നിടത്തു നീ പാൎത്തണം. ഈ ഭൂമിവിട്ടും ഞാൻ പോയെന്നറിഞ്ഞാൽ ഞാൻ ഇട്ടേച്ചു പോണമുറയൊക്കെ നടത്തീട്ടു നീയുമങ്ങുപോരെ. പിന്നെ നമുക്കു ഒരിക്കലും പിരിയേണ്ടിവരികയില്ല.”

കാളിനായർ: (കണ്ണുനീരോടുകൂടി) ആശാനെ! അവിവേകം ഞാൻ പറഞ്ഞുപോയി. ഞാൻ ഇവിടുന്നെങ്ങും പോകുന്നില്ല. ആശാൻ ഒടുവിൽ കുറിച്ച വാക്കുകൾ എന്റെ ഇടനെഞ്ചുപൊട്ടിക്കുന്നു.”

കാളിനായർ ഗുരുവിന്റെ കാക്കൽ പതിച്ചു. ഇരവിക്കുട്ടിപ്പിള്ള പിടിച്ചെഴുന്നേല്പിച്ചിട്ട് “കാളി! മുൻവച്ച കാൽ പിന്നോട്ടെടുക്കാൻ ഞാൻ പഠിപ്പിച്ചിട്ടില്ല. വീൎയ്യം വിടരുത് പിന്നെ എല്ലാം ദൈവം നോക്കിക്കൊള്ളും” എന്നുപറഞ്ഞ് ആ പ്രിയശിഷ്യനെ ആശ്വസിപ്പിച്ച് യാത്രയാക്കി.

പിന്നെ അവരുതമ്മിൽ ഒരിക്കലും കണ്ടിട്ടില്ല.

# അദ്ധ്യായം ൫.

## തിരുമലനായിക്കൻെറ കോപവും രാമപ്പയ്യൻെറ പ്രതികാര പ്രതിജ്ഞയും.

വേണാട്ടിനെ ജയിച്ച് ഉണ്ണിക്കേരളവമ്മയെ തൻെറ സാമന്തനാക്കിത്തീക്കണമെന്നുള്ള അതിമോഹത്തോടുകൂടിയിരിക്കുന്ന തിരുമലനായിക്കക്ക്, വേലയ്യൻെറ മരണവും തൻെറ സൈന്യത്തിൻെറ പരാജയവും വലുതായ ഇച്ഛാഭംഗത്തിനിടയാക്കിത്തീത്തു. അദ്ദേഹം അത്യന്തം കുപിതനായി തൻെറ മന്ത്രിമാരെ വിളിച്ചുവരുത്തി, ഏതുവിധവും വേണാട്ടിനെ ജയിച്ച് വേലയ്യനെ കൊന്നതിനു പകരംവീട്ടുകയാണ് ഇനിയത്തെ തങ്ങളുടെ ഉദ്യമം മുഴുവനുമെന്ന് അവരെ അറിയിച്ചു. അതുകൂടാതെ, തൻെറ പ്രധാനസേനാനായകനായ രാമപ്പയ്യനെ വരുത്തി ഇപ്രകാരം പറഞ്ഞു.

"വേണാട്ടധിപൻ ഇപ്പോഠം വിജയിയായി എന്നുള്ള സന്തോഷത്താൽ ഞെളിയുകയായിരിക്കണം. അതുനമുക്കു തീരെ സഹിക്കത്തക്കതല്ലാ. വേലയ്യനെ കൊന്ന വേദന തീരണമെങ്കിൽ വഞ്ചിവേന്തൻ നമുക്കു വിധേയനായിത്തീരണം. വേലയ്യനെക്കൊന്ന ആ ഇരവിക്കുട്ടിപ്പിള്ളയുടെ തല നമ്മുടെ മുമ്പിൽ കൊണ്ടുവരണം. എന്തു രാമപ്പയ്യാ! നിനക്ക് അതിന് ധൈയ്യം ഉണ്ടെന്നു നാം വിശ്വസിക്കട്ടെയോ?" രാമപ്പയ്യൻ:—"വഞ്ചിവേന്തനെ വെന്നുകൊണ്ടുവരാൻ വലിയ 'പടയൊരുക്കങ്ങ'ളൊന്നും വേണമെന്നു തോന്നുന്നില്ലാ. അടിയൻ ഇന്നേക്കു തൊണ്ണൂറാം പക്കം ഇരവിക്കുട്ടിപ്പിള്ളയുടെ തല തൃപ്പാദത്തിൽ കാഴ്ചവയ്ക്കും. വേണാട്ട് പാണ്ഡ്യരാജാവിന് കീഴടങ്ങും. ഉണ്ണി

ക്കേരളവർമ്മ ഇവിടത്തെ സാമന്തനാകും. ഇതൊന്നും സാധിച്ചില്ലെങ്കിൽ രാമപ്പയ്യൻ തിരിച്ചിങ്ങോട്ടില്ല. നിശ്ചയം"

തിരുമലനായിക്കൻ തൃപ്തനായി. വലുതായ ഒരു സൈന്യം രാമപ്പയ്യന്റെ കീഴിൽ സംഭരിക്കപ്പെട്ടു. പല വർഗ്ഗങ്ങളുംപ്പെടെ എഴുപത്തിരണ്ടു പാളയക്കാർ പടക്കൊരുങ്ങി പുറപ്പെട്ടു എല്ലാവരും പണകുടിയിൽവച്ചു ഒന്നുചേന്നു് ആരുവാമൊഴി മാർഗ്ഗം തിരുവിതാംകൂറിൽ പ്രവേശിച്ചു. സാവധാനത്തിൽ നാഗരുകോവിലിനു് തെക്കുപടിഞ്ഞാറു ഭാഗത്തായി സ്ഥിതിചെയ്യുന്ന 'ഈത്തങ്കാടെ'ന്ന സ്ഥലത്തു പാളയമടിച്ചു. കന്യാകുമാരിക്കുപോകുന്ന പ്രധാന പാതയും വടശ്ശേരിക്കുള്ള ഊടുപാതയും അടച്ചു്, കിഴക്കുപടിഞ്ഞാറായി സൈന്യങ്ങളെ വ്യൂഹം ചമച്ചുനിറുത്തി. ഈ രീതിയിൽ വടക്കുനിന്നും വരുന്ന വേണാട്ടുപട കണിയാകുളം പാടങ്ങൾ യുദ്ധരംഗമാക്കത്തക്കവിധത്തിൽ മാത്രമേ പാണ്ടിപ്പടയുമായി സന്ധിക്കാൻ നിവൃത്തിയുള്ളു. കണിയാകുളം സ്ഥിതിചെയ്യുന്നതു് പാർത്ഥിപുരത്തിനു് അല്പം കിഴക്കുമാറിയാണു്. രാമപ്പയ്യന്റെ സൈന്യത്തിൽ ഒരുഭാഗം തൃപ്പിതിസാരം മുതൽ വടശ്ശേരിയിൽക്കൂടി നേരേകിഴക്കായിട്ടും ഇനിയൊന്നു് വടക്കുകിഴക്കായിട്ടും, മൂന്നാമതൊന്നു് തെക്കുപടിഞ്ഞാറായിട്ടും ആണു് അണിനിരത്തപ്പെട്ടിരുന്നതു്.

"വന്നപടയും പെരുപ്പമെല്ലാം
മന്നവരേ ചൊല്ലത്തുലയാതു്"

(കണിയംകുളം പോരു്)

# അദ്ധ്യായം ൩.

---

## രാജദ്രോഹികളുടെ ഗൂഢാലോചനകളും വേണാട്ടു പടയുടെ യുദ്ധോദ്യമങ്ങളും

ഇരവിക്കുട്ടിപ്പിള്ളയോട്ട് മഹാരാജാവ് കാണിച്ച സ്നേഹാതിരേകം, എടത്തറ മുതലായ മററു മന്ത്രി പ്രമാണികളുടെ ഹൃദയത്തിൽ അസൂയാഗ്നിയെ ഉജ്ജ്വലമാക്കി എന്നു മുമ്പു പറഞ്ഞുവല്ലൊ. എടത്തറ മുതലായ ആഢ്യബ്രാഹ്മണർ മററുള്ള വർഗ്ഗക്കാരെ കേവലം അധഃകൃതരായിത്തന്നെ കരുതിപ്പോന്നു അന്ന് ധനം കൊണ്ടും പ്രാബല്യം കൊണ്ടും ഒട്ടും താണപടിയിലല്ലാത്ത നായർ ഇട പ്രഭുക്കന്മാരോടു പോലും ഈ പോററിമാർ അസമത്വം കാണിച്ചുവന്നു. തങ്ങളെ കാണുമ്പോൾ തോളത്തു നിന്നും ഉത്തരീയം എടുത്ത് അരയിൽ കെട്ടിപഞ്ചപുഛമടക്കി തൊഴുകയാണെങ്കിൽ "ശൂദ്രനാണെങ്കിലും അവൻ ഗുരുത്വവും മര്യാദയുമുള്ളവനാ" എന്നൊരു സമ്മതവും അവരിൽ നിന്നു ലഭിക്കുകയാണു പതിവ്. അപ്രകാരം ചെയ്യാത്തവരോട്ട് അവർക്ക് കഠിനമായ വെറുപ്പും തോന്നിയിരുന്നു.

ഈയൊരു മനഃസ്ഥിതിയോടുകൂടിയ പോററിമാർക്ക് സ്വാതന്ത്ര്യനും അഭിമാനിയും ആയ ഇരവിക്കുട്ടിപ്പിള്ളയോടു ദ്വേഷം തോന്നിയതിൽ അതിശയിപ്പാനില്ല. പോററിമാരിൽ കുടിലത്വം കൂടിയിരുന്ന എടത്തറ, ഇരവിക്കുട്ടിയുടെ വർദ്ധിച്ചുവരുന്ന പ്രതാപത്തേയും, ശക്തിയേയും ജനസമ്മതിയേയും അമച്ചുവരുത്താനായി പല ഉപായങ്ങളും പ്രയോഗിച്ചുനോക്കി. എന്നാൽ പ്രശാന്തഗംഭീ

രനും സത്യസന്ധനും ആയ ആ വീരപുരുഷനോടു യാതൊന്നും തന്നെ ഫലിച്ചില്ല.

പിണങ്ങി ജയിക്കാൻ പ്രയാസമെന്നു കണ്ടപ്പോൾ നയംകൊണ്ടു പാട്ടിലാക്കാമെന്നു നിശ്ചയിച്ചു. പോററിയുടെ നായർ ഭാര്യയിലുള്ള മകളെ അദ്ദേഹത്തെക്കൊണ്ട് വിവാഹം കഴിപ്പിക്കാമെന്നു നിശ്ചയിച്ച് ആ വിവരം ഇരവിക്കുട്ടിപ്പിള്ളയെ അറിയിച്ചു. അദ്ദേഹം അതിനെ നിശ്ശേഷം നിരസിച്ചു. ഈ അപമാനം എടത്തറയുടെ കോപത്തെ ഇരട്ടിച്ചു. എങ്ങനെയും അദ്ദേഹത്തെ അപായപ്പെടുത്തിയാലേ താൻ അടങ്ങുകയുള്ളു എന്ന് അയാൾ മനസ്സിലുറച്ചു. ഒരിക്കൽ ഗൂഢമായി വധിച്ചുകളയാൻപോലും അയാൾ തുനിയാതിരുന്നില്ലാ. അയാളുടെ ഭൃത്യൻ അതിലേക്കുദ്യമിച്ചു എങ്കിലും ഈശ്വരാധീനം കൊണ്ട് അദ്ദേഹം അതിൽ നിന്നും രക്ഷപ്പെട്ടു

രാമപ്പയ്യൻ സൈന്യസന്നാഹത്തോടുകൂടി വേണാട്ടിനെ ആക്രമിക്കാൻ ഒരുങ്ങിയിരിക്കുന്നു എന്ന് ചാരന്മാർ മുഖാന്തിരം മനസ്സിലാക്കിയ മന്ത്രിമാർ എടത്തറയുടെ ഗൃഹത്തിൽ ഒരുമിച്ചുകൂടി. അയാളുടെ ന്യായവാദം ഒരാളെ ഒഴിച്ച് മറെറല്ലാരേയും സമ്മതിപ്പിച്ചു. ചെറുവള്ളിപ്പിള്ള മററുള്ളവരുടെ സ്വഭാവത്തിൽ നിന്ന് അല്പം വ്യത്യസ്ഥനായിരുന്നു. എങ്കിലും അയാൾ സംഘത്തെ ചതിക്കാൻ ഒരുങ്ങുകയില്ലെന്ന് സത്യംചെയ്തു പിരിഞ്ഞു. മററുള്ളവരെല്ലാവരുംകൂടി ഒരു ഉപജാപ കർമ്മത്തിനൊരുമ്പെട്ടു. ഇരവിക്കുട്ടിപ്പിള്ളയെ ഏതുതരത്തിലും നശിപ്പിക്കണമെന്നുള്ളതായിരുന്നു അവരെല്ലാവരുടേയും ഉദ്ദേശം. അതിലേക്കൊരു മാർഗ്ഗം എടത്തറയും എളമ്പയുംകൂടി കണ്ടുപിടിച്ചു. എടത്തറ പറഞ്ഞു:—"തിരുമല നായിക്കർ പ്രതാപശാലിയായ ഒരു രാജാവാണ്. അദ്ദേ

ഹം വേണാട്ട് പിടിച്ചടക്കും. ഇന്നല്ലെങ്കിൽ നാളെ. ഇരവിക്കുട്ടിപ്പിള്ള നല്ലൊരു സേനാനായകനും യോദ്ധാവു മാണ്. അവൻ ജയിച്ചാൽ നമുക്കു യാതൊരു പ്രയോജനവുമില്ലെന്ന് മാത്രവുമല്ല അവന്ന് അന്തസ്സും പ്രതാപവും വർദ്ധിക്കുകയും ചെയ്യും. അതു നമുക്കാൎക്കും തന്നെ സഹിക്കാവുന്ന കാൎയ്യമല്ല. നാമുംകൂടി ഇരവിക്കുട്ടിപ്പിള്ളയെ സഹായിച്ച് നായിക്കർ ജയിക്കയാണെങ്കിൽ നമ്മെ നായിക്കൻ നാമാവശേഷമാക്കുകതന്നെ ചെയ്യും. അതൊരിക്കലും ശരിയല്ലാ. നമുക്കെല്ലാവൎക്കും ഇരവിക്കുട്ടിയോടൊന്നിച്ചു യുദ്ധത്തിനു പോകുക. സമയത്ത് നാം മറുവശത്തു ചേരുക. തന്നിമിത്തം ഇരവിക്കുട്ടിപ്പിള്ള ശത്രുക്കളുടെ വാളിനിരയായിത്തീരും. നമ്മുടെ ശല്യയും ഒഴിഞ്ഞു. ഇതുതന്നെ മാൎഗ്ഗം."

എടത്തറയുടെ ഈ അഭിപ്രായത്തോട്ട് എല്ലാവരും യോജിച്ചു. അയാളുടെ ബുദ്ധിസാമൎത്ഥ്യത്തെപ്പററി മററുള്ളവർ പുകഴ്ത്തിപ്പറഞ്ഞു. ഈ കുലംകുത്തികളുടെ ഗൂഢാലോചനകൾ തിരുമലനായിക്കനെ അറിയിക്കാനായി എടത്തറയുടെ ഒരു വിശ്വസ്തഭൃത്യനെ പണകുടിയിലേക്കു പറഞ്ഞയച്ചു.

രണ്ടാമത്തും പടകേറിയതറിഞ്ഞു് ചിന്താകുലനായിതീൎന്ന മഹാരാജാവു് മന്ത്രിമാൎക്കെല്ലാം ആളയച്ചു. എടത്തറ ഒഴിച്ച് മറെറല്ലാവരും വന്നുചേൎന്നു. ദുഷ്ടബുദ്ധിയായ എടത്തറ തനിക്കു് സുഖക്കേടാണെന്നുള്ള കാരണവും പറഞ്ഞു് ഒഴിഞ്ഞുകളയുകയാണ് ചെയ്തതു്. മഹാരാജാവു മന്ത്രിമാരെ നോക്കി ഇപ്രകാരം പറഞ്ഞു.

"കേട്ടോ പ്രജാപ്രമാണികളെ ! തിരുമലനായ്ക്കൻ പ്രതികാരേച്ഛയോടെ വന്നിരിക്കയാണ്. വേണാട്ടിൻെറ

വീര്യം കാണിച്ചുകൊടുക്കേണ്ട അവസരം ഇപ്പോഴാണ്. "പെററനാട്ടു മുമ്പും പെററതള്ള പിമ്പും" എന്നാണ് പഴഞ്ചൊല്ല്. നാളെ അസ്തമയത്തിനു മുമ്പെ പടപുറപ്പെടണം. കളരിപ്പട മുഴുവൻ കോട്ടമുററത്തു കൂടട്ടെ" മന്ത്രിമാരിൽ ചിലർ മുമ്പൊരിക്കൽ ഇരവിക്കുട്ടിപ്പിള്ളയെ മാത്രം പടയ്ക്കയച്ചതിൽ പരിഭവം പറഞ്ഞു. അതിന് മഹാരാജാവു പറഞ്ഞ സമാധാനം അസൂയാകലുഷിതരായ അവരെ തൃപ്തരാക്കിയില്ലെങ്കിലും, യുദ്ധത്തിന് അവർ ഉടൻ ഒരുങ്ങിക്കൊള്ളാമെന്നു സമ്മതിച്ചു. അവരുടെ അപേക്ഷപ്രകാരം ഇരവിക്കുട്ടിപ്പിള്ളയെ സൈന്യത്തിന്റെ പ്രധാനിയാക്കി നിയമിച്ചു. സൈന്യശേഖരം ചെയ്യാനായി മന്ത്രിമാരെല്ലാം പിരിഞ്ഞു.

മഹാരാജാവു ഇരവിക്കുട്ടിപ്പിള്ളയെ പ്രത്യേകം വിളിച്ച് ഇപ്രകാരം അരുളിച്ചെയ്തു. 'ഇരവീ! പാണ്ടിപ്പട പണ്ടത്തേതിൽ നിന്നും പതിന്മടങ്ങുണ്ടെന്നാണ കേൾവി. രാമപ്പയ്യൻ പേരുകേട്ട സൈന്യാധിപനുമാണ്. വരാൻപോകുന്നത് എന്താണെന്ന് നമുക്കു യാതൊരു നിശ്ചയവുമില്ലാ ഇരവീ! തോൽവിയാണ് നമുക്കു പററുന്നതെങ്കിൽ പിന്നെ നാം ജീവിച്ചിരിക്കുന്നതെങ്ങനെ? തിരുമലനായ്ക്കന്റെ അടിമയായി കഴിയുക നമുക്ക് തീരെ സഹ്യമല്ലാ. ശ്രീപത്മനാഭാ! ആയൊരവസ്ഥ നമുക്കു വരുത്തല്ലെ"

ഇരവിക്കുട്ടിപ്പിള്ള മഹാരാജാവിന്റെ സങ്കടംകണ്ടു ഹൃദയവേദനയോടെ ഇപ്രകാരം പറഞ്ഞു.

"പൊന്നുതിരുമേനി! തിരുവുള്ളം കലങ്ങരുതു. പാണ്ഡ്യരാജ്യം മുഴുവൻ ഇളകിവന്നാലും തടുത്തുനിറുത്താൻ

വേണാട്ടു പടയ്ക്കു മിടുക്കൊണ്ട്. ഒരൊററ എണ്ണം പിന്തിരിയുകയില്ലെന്ന് അടിയന്ന് നല്ല നിശ്ചയമുണ്ട്. പിന്നെ അടിയന്റെ ജീവൻ രാജ്യരക്ഷയ്ക്കും തൃപ്പാദപ്പൊലിമയ്ക്കും വേണ്ടി സമപ്പിച്ചിരിക്കയുമാണല്ലൊ. ശ്രീപദ്മനാഭന്റെ അനുഗ്രഹത്താൽ നമുക്കു വിജയം ലഭിക്കും നിശ്ചയം."

മഹാരാജാവ് ഇരവിക്കുട്ടിപ്പിള്ളയുടെ രാജഭക്തി കണ്ട് വളരെ സന്തോഷിച്ചു. അദ്ദേഹം വാളും പരിചയും എടുത്ത് ഇരവിക്കുട്ടിയുടെ കയിൽ കൊടുത്തിട്ട് ഇപ്രകാരം പറഞ്ഞു.

"ഇരവീ! സകലത്തും നാം നിന്നെ ഭരമേല്പിച്ചിരിക്കുന്നു. നമ്മുടേയും രാജ്യത്തിന്റേയും അഭിമാനം സൂക്ഷിക്കേണ്ടതു നിന്റെ ചുമതലയാണ്. ശ്രീപദ്മനാഭൻ അനുഗ്രഹിക്കട്ടെ!"

മഹാരാജാവ് ഒടുവിലത്തെ വാക്കുകൾ പറഞ്ഞത് തൊണ്ട ഇടറിക്കൊണ്ടാണ്. ഇരവിക്കുട്ടി ഭക്ത്യാദരങ്ങളോടെ വാളും പരിചയും കയ്യിൽ വാങ്ങിയിട്ട് ഇനി "അടിയൻ ജയിച്ചുവന്ന് തൃപ്പാദം തൊഴും. അല്ലെങ്കിൽ വീര്യസ്വഗ്ഗത്ത് അടിയൻ കല്പനകാത്തു നിൽക്കും" എന്നു പറഞ്ഞുംവെച്ച് അവിടെനിന്നും തിരിച്ചു.

മഹാരാജാവ് ആ യുവസൈന്യാധിപന്റെ ദൃഢനിശ്ചയത്തേയും ധൈര്യത്തേയുംപററി അത്ഭുതപ്പെട്ടുകൊണ്ട് കുറച്ചുനേരം ചിന്താമഗ്നനായി ഇരുന്നുപോയി.

---

# അദ്ധ്യായം ൭.

---

## ഇരവിക്കുട്ടിപ്പിള്ള അമ്മയോടും ഭാൎയ്യയോടും യാത്രപറഞ്ഞു പിരിയുന്നതു്.

ഇരവിക്കുട്ടിപ്പിള്ള, പടത്തലവന്റെ വേഷാഡംബരങ്ങളോടെ മാതാവിന്റെ മുമ്പിൽ ചെന്നു. പുത്രന്റെ സ്ഥാനമഹത്വം കണ്ടിട്ടു് കുതൂഹലചിത്തയായി എങ്കിലും അവരുടെ മുഖം മ്ലാനമായിത്തന്നെയിരുന്നു. അവരുടെ ഹൃദയം നീറിക്കൊണ്ടിരിക്കുകയാണെന്നു് ആ വിളറിയ മുഖം വിളിച്ചുപറയുന്നുണ്ടു്. ഇരവിക്കുട്ടിപ്പിള്ള അമ്മയുടെ കാല്ക്കൽ നമസ്കരിച്ചു. മാതാവു് പുത്രനെ പിടിച്ചെഴുന്നേല്പിച്ചിട്ടു് അടുത്തിരുത്തി നെററിയിൽ ചുംബിച്ചു് കണ്ണുനീരോടുകൂടി അവർ ഇപ്രകാരം പറഞ്ഞു. "മകനേ ഇരവി! നീ ഇപ്പോൾ പടയ്ക്കുപോകുന്നതു് നല്ലതിനല്ലെന്നു ഇന്നലെ രാത്രിമുതൽ എനിക്കു തോന്നിയിരിക്കുന്നു. എല്ലാം ശകുനപ്പിഴയായിട്ടാണു് കാണുന്നതു്. കുറച്ചുമുമ്പേ ഒരു കറത്തിവന്നു്, കൈനോക്കി വരുംഫലം പറയുകയും ചെയ്തു. അയ്യോ! എന്റെ ഇരവീ! നീ ഇപ്പം പോകരുതേ" ഇരവിക്കുട്ടിപ്പിള്ള അമ്മയെ ആശ്വസിപ്പിച്ചിട്ടു് പറഞ്ഞു. "അമ്മ! ഇതാണോ വലിയവീട്ടിൽ ഈശ്വരിപ്പിള്ള രാജ്യലക്ഷ്മിയാണെന്നു പറയുന്നതിന്റെ അൎത്ഥം. ഒരു വീരമാതാവെന്നു പേരുകേൾക്കുന്നതല്ലെ അമ്മയ്ക്കു ജന്മസാഫല്യം. രാജ്യത്തിനു് വന്നിരിക്കുന്ന ഈ ആപത്തിൽനിന്നു അതിനെ രക്ഷിക്കുന്നതിനു് എല്ലാവരും കടപ്പെട്ടവരല്ലെ. ഒരു ഭീരുവായ പുത്രനേപ്പോലും യുദ്ധക്കളത്തിലേക്കു പറഞ്ഞയക്കേണ്ടതു് ഓരോ അമ്മയുടേയും ചുമതലയാണു്. പിന്നെ മരണത്തെപ്പററിയുള്ള ഭയമാണു് അമ്മയ്ക്കുള്ളതു്. ഈശ്വരവിധിയെ ആൎക്കെങ്കിലും തടുക്കാനൊക്കുമോ അ

മ്മാ! എവിടെയിരുന്നാലും മരണത്തെ തടുത്തുനിറുത്താൻ സാധിക്കയില്ലാ. പരീക്ഷിത്തു മഹാരാജാവു് മരണത്തെ ഭയന്നു് ഗംഗയുടെ നടക്കു് കൂടാരം കെട്ടി താമസിച്ചില്ലേ ? എന്നിട്ടു് ഒടുവിലെന്തായി. അതുപോലെ ഈ ലോകത്തു എല്ലാവരും മരിക്കും എന്നാൽ സൽക്കർമ്മങ്ങൾക്കു് മദ്ധ്യേ മരിക്കുന്നതു് കുറെക്കൂടി നല്ലതാണു്. ഞാൻ രാജ്യരക്ഷക്കു വേണ്ടി പോകുന്നു. അമ്മ ഒരു വീരമാതാവിനെ പോലെ എന്നെ അനുഗ്രഹിച്ചയക്കുക.

ഈശ്വരിപ്പിള്ള കണ്ണുനീർതുടച്ചു. മുഖം വീര്യതേജസ്സുകൊണ്ടു് വിളങ്ങി. 'മകനെ ! നിന്റെ അച്ഛനും അമ്മാവനും വല്യവീട്ടിനു വരുത്തിവച്ച മാനം നീയും നേടിക്കൊണ്ടുവാ. യുദ്ധം ജയിച്ചുവാ. എന്നു പറഞ്ഞനുഗ്രഹിച്ചു.

ഇരവിക്കുട്ടിപ്പിള്ള നേരേ ദേവകിക്കുട്ടിയുടെ സമീപത്തുചെന്നു. ദുഃഖാർണ്ണവത്തിൽ നിമഗ്നയായി സ്ഥിതിചെയ്യുന്ന ആ സാധ്വിയേ ആശ്വസിപ്പിക്കാനാണു് അദ്ദേഹം വളരെ പ്രയാസപ്പെട്ടതു്. വിവാഹം കഴിച്ചിട്ടു് വളരെനാൾ കഴിഞ്ഞില്ല. അന്നുകണ്ട ദുശ്ശകുനങ്ങളും കുറത്തിയുടെ കുറിയും ദോഷഭാവിയേയാണു് കാണിക്കുന്നതെന്നു് ദേവകി നല്ലപോലെ ഗ്രഹിച്ചു. തന്റെ ജീവനാഥനെ എന്നത്തേക്കുമായി പിരിയുകയാണെന്നു് അവൾ തീർച്ചപ്പെടുത്തി. അവൾ വിമ്മി വിമ്മിക്കരഞ്ഞുകൊണ്ടു് അദ്ദേഹത്തോടു തന്നെ വിട്ടുപോകരുതെന്നു് അപേക്ഷിച്ചു. ആ ധീരന്റെ ഉറച്ച ഹൃദയവും അല്പമൊന്നു ചലിച്ചു. എങ്കിലും അദ്ദേഹം ധൈര്യമവലംബിച്ചുകൊണ്ടു് ദേവകിയെ ഇങ്ങനെ സമാധാനപ്പെടുത്തി.

“നമ്മുടെ നാട്ടിനു വന്നിരിക്കുന്ന ഈ ദുരാപത്തിനെ നീക്കേണ്ടതു് ഓരോ പുരുഷന്റേയും കടമയാണു്.

8101

അവരെ ഉത്സാഹിപ്പിച്ച് യുദ്ധരംഗത്തിലേക്ക് അയക്കേണ്ടതാണ് ഓരോ വീരവനിതയുടേയും ചുമതല. നീ ഒന്നാലോചിക്ക്! നിൻെറ ഭർത്താവ് ഭീരുവെന്ന് ലോകരൊക്കെ പറയുന്നത് നിനക്കിഷ്ടമാണോ. അതോ ധീരയോദ്ധാവെന്ന് കൊണ്ടാടുന്നതോ നിൻെറ കാതിന്ന കുളർമനം കുന്നത്. എഴുന്നേൽക്ക് ദേവകി! എന്നെ വീരമാല്യം അണിയിച്ച് യാത്രയയയ്ക്കൂ.

ദേവകി ദുഃഖത്തെ അടക്കി, ധൈര്യമവലംബിച്ചുകൊണ്ട് വീരമാല്യം എടുത്ത് ഭർത്താവിൻെറ കഴുത്തിലിട്ടു. അവൾ ഭക്തിപൂർവ്വം ഭർത്താവിൻെറ പാദത്തിൽവീണ്, ദീർഘായുസ്സിനുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിച്ചു.

ഇരവിക്കുട്ടിപ്പിള്ള ദേവകിയോട് മൌനാനുവാദവുംവാങ്ങി ഭരദേവതയുടെ മുമ്പിൽചെന്ന് ശുഭാപ്തിക്കായി പ്രാർത്ഥിച്ചു. എന്നാൽ കത്തിക്കൊണ്ടിരുന്ന വിളക്കണഞ്ഞു; വിഗ്രഹത്തിൽ ചാരിവച്ചിരുന്ന വാള് മറിഞ്ഞുവീണു; തെക്കുവശത്തുനിന്ന ആലുമരത്തിലെ ഒരു കൊമ്പ് ഒടിഞ്ഞ് നിലം പതിച്ചു. ഇത്യാദി പല ദുർലക്ഷണങ്ങളുമാണ് അപ്പോഴുണ്ടായത്.

"മങ്ങലിയം ഇഴ പെരുകി
മടിമേലെ വിഴവും കണ്ടേൻ
ആലുമരം മൂട്ടോടെ
അടിനകർന്തു വീഴവും കണ്ടേൻ
വാതുക്കൽ നീരാഴി
വരവിടിന്തു നിവകക്കണ്ടേൻ"

(കണിയാകുളം പോര്)

ഇതൊന്നുകൊണ്ടും കുലുങ്ങാതെ ഇരവിക്കുട്ടിപ്പിള്ള ഇപ്രകാരം പ്രാർത്ഥിച്ചു.

"ഹാ! ചാമുണ്ഡീ! നീ കൈവിട്ടെന്നോ ഇതിനർത്ഥം. ഇനി ഇങ്ങു പിന്തിരിയാനൊ അതെനിക്കാണത

മല്ല. ഈ ഉടലെനിക്കു ആരും തീറെഴുതിത്തന്നിട്ടില്ലാ ജ
നിച്ചപ്പോൾ കുറിച്ചതു മരിക്കുമെന്നാണല്ലോ. പിന്നെന്തു
മാവട്ടെ. ഞാനിറങ്ങിക്കഴിഞ്ഞു. വരുംകാലംകണ്ടു കണ്ണു
കൊണ്ട് ഇതെനിക്ക് ആപത്താണെന്നു അവിടന്നു കണ്ടു
കാണും. എൻെറ ചുവടങ്ങു മുമ്പെവച്ചുപോയി. അതി
നി, പിറകെ ചവുട്ടാൻ എനിക്കനുവാദമില്ല. അതറിഞ്ഞ
നുഗ്രഹിക്കേണ്ടതു് അവിടത്തെ മുറ. ഞാനിതാ യാത്ര
പറയുന്നു" എന്നു പറഞ്ഞിട്ടു് ഒന്നുകൂടി നമസ്കരിച്ചു. അ
ദ്ദേഹം ധൈര്യത്തോടുകൂടി പുറപ്പെട്ടു. അദ്ദേഹത്തിൻെറ
ഗൃഹത്തേയും ചുററുമുള്ള പ്രകൃതിവിലാസത്തേയും ഒന്നു
കൂടി നോക്കിയിട്ടു അവയെ മനസ്സുകൊണ്ടു നമിച്ച്, കേര
ളപുരത്തു് മഹാദേവൻെറയും ഗണനാഥൻെറയും നടയിൽ
കുമ്പിട്ടിട്ടു് തൻെറ കുതിരപ്പുറത്തുകയറി, പാടങ്ങളുടെ മ
ദ്ധ്യേ കിടക്കുന്ന രാജപാതവഴി പടപ്പാളയത്തിലേക്കു തി
രിച്ചു. ഇരുവശങ്ങളിലും അനവധി ജനങ്ങൾ കൂട്ടമിട്ടുനിന്നു
'ജയഘോഷം' മുഴക്കി. അദ്ദേഹം നേരെ പുലിക്കുറിശ്ശി പ
ടപ്പാളയത്തിൽ ചെന്നു. അവിടെ ഓരോ സ്ഥലത്തുനി
ന്നും വന്നുചേർന്ന നായർപട അതതു നായകന്മാരുടെ
കീഴിൽ . അണിനിരന്നു നിന്നിരുന്നു. പട വീണ്ടും
വന്നുകൊണ്ടിരുന്നു. സായാഹ്നത്തോടുകൂടി ഒരു വലിയ
സംഘം വേണാട്ടു സൈന്യം പെരുവെള്ളം പോലെ
ആ കോട്ടമുററത്തു് പരന്നു. പ്രജാവത്സലനായ മഹാരാ
ജാവു് അരമന മട്ടുപ്പാവിൽ പടയ്ക്കെതിരെ എഴുന്നെള്ളി
നിന്നു. അദ്ദേഹം രാജ്യരക്ഷക്കുവേണ്ടി ജീവനെ ബലികഴി
ക്കാനിറങ്ങി പുറപ്പെട്ടിരിക്കുന്ന വീരഭടന്മാരെ ദർശിച്ച്
ആനന്ദനിമഗ്നനായിത്തീർന്നു. ഭടന്മാർ "കുലശേഖരപ്പെരു
മാൾ നീണാൾ വിജയിക്കട്ടെ" ! "വേണാട്ട് പുലരട്ടെ !"
എന്നു് ആർപ്പുവിളിച്ച് അഭിവാദ്യംചെയ്തു. പടത്തലവൻ
കാഹളം മുഴക്കി. പട അണിനിരന്നു. ആദിത്യൻ അറ

ബിക്കടലിൽ താണു. പക്ഷികൾ ചിറകടിച്ചു് ജയജയ ഘോഷം മുഴക്കി. ഒരു ചെറുകാററു് വീശി, യുദ്ധയാത്ര യ്ക്കൊരുങ്ങി നിൽക്കുന്ന യോദ്ധാക്കൾക്കു് ശുഭശകുനമരുളി.

അതാ! ഒരു കാഹളം മുഴങ്ങുന്നു. പട നീങ്ങിത്തുടങ്ങി ജയജയഘോഷത്തോടെ പടത്തലവൻ ഇരവിക്കുട്ടിപ്പിള്ള മുമ്പെയും, ഇളന്തലക്കാർ (ഉപസേനാനായകന്മാർ) അവിടവിടെയും നിന്നു് നയിച്ചുകൊണ്ടു് ദക്ഷിണാഭിമുഖമായി നടന്നു. ഇരുവശത്തും നിന്നിരുന്ന പുരുഷാരത്തിൽ നിന്നും വിജയാശംസ പൊങ്ങി, അന്തരീക്ഷത്തിൽ ലയിച്ചു. സ്ത്രീകളുടെ വായ്ക്കുരവാരവം ഭടന്മാരെ പ്രോത്സാഹിപ്പിച്ചു. കുങ്കുമവും പൂവും അനേകായിരം ശിരസ്സുകളുടെ മുകളിൽ വർഷിച്ചുകൊണ്ടിരുന്നു. അത്തും അരയും തലയും മുറുക്കി വാളും പരിശയും ധരിച്ചു് വേണാട്ടിന്റെ മാനം പിടിക്കാനായിപ്പോകുന്ന ആ ഭടന്മാരുടെ പോക്കു് ആർക്കും ആനന്ദബാഷ്പം ഉണ്ടാക്കുന്നതൊന്നുതന്നെയാണു്. സംശയമില്ല.

---

# അദ്ധ്യായം ൭.

---

## കണിയാകുളം യുദ്ധം.

തിരുവനന്തപുരത്തുനിന്നും നാഗരുകോവിലിലേക്കു പോകുന്ന പ്രധാന രാജപാതയിൽ 40-ാമത്തെ മൈൽക്കുററി കഴിഞ്ഞു് അല്പംകൂടി ചെല്ലുമ്പോൾ കാണുന്ന സ്ഥലമാണു് "പാർവതിപുരം." ഇതിനടുത്തുകൂടി ഒരു തോട്ടു (പേച്ചിപ്പാറ അണയിൽ നിന്നും പരുത്ത വായ്ക്കാൽ) കിഴക്കു പടിഞ്ഞാറായി ഒഴുകുന്നു. ആ തോട്ടിനരികിൽ

കൂടി കിഴക്കോട്ടു പോകുന്ന ചെറുപാതയിൽ ഏകദേശം അരമൈലോളം നടക്കുമ്പോൾ തെക്കുവശത്തായി കിടക്കുന്ന പ്രദേശമാണ് "കണിയാകുളം." കിഴക്കുവശത്ത് സഹ്യാദ്രിയുടെ തെക്കെ അററമായ ചെറുമലകളാണ് സ്ഥിതിചെയ്യുന്നതു്. അതിനരികിൽ തെക്കുവടക്കായി നെടുനീളത്തിൽ നീണ്ടുകിടക്കുന്ന നാഞ്ചിനാട്ടു നിലങ്ങൾ വിളവുകൊല്ലം കാലത്ത് ദൃശ്യമാക്കുന്ന ഹരിതവർണ്ണമുഴപ്പ് ആർക്കും ആനന്ദം ഉണ്ടാക്കുന്ന ഒന്നാണ്. തെക്കുപടിഞ്ഞാറു്, പുത്തേരിഗ്രാമവും ഒഴുകണശ്ശേരിയും കിടക്കുന്നു. അവിടവിടെ കാണപ്പെടുന്ന കൃഷീവലന്മാരുടെ ചെറുകുടിലുകളും അങ്ങിങ്ങായി മേഞ്ഞുകൊണ്ടു നിൽക്കുന്ന കന്നുകാലികളുമല്ലാതെ മറെറാരു വിശേഷവിധിയായ കാഴ്ചയും ആ ഗ്രാമത്തിലുള്ളതായി പറയാനില്ലതന്നെ.

എന്നാൽ ഈ കുഗ്രാമം ചരിത്രപ്രസിദ്ധമായ ഒന്നാണെന്നു വരുമ്പോൾ നമുക്കിതിനോട്ട് ഒരു പ്രത്യേക ബഹുമാനം തോന്നാതിരിക്കുന്നില്ല. പാടത്തിൻെറ മദ്ധ്യേ ഒരു ചെറുവരമ്പിൽ ആർക്കും സൂക്ഷിച്ചുനോക്കിയാൽ കാണാവുന്ന 'ശിലാവിഗ്രഹം' "ഇതു് എരവിക്കുട്ടിപ്പിള്ള ഏമാൻെറ ചെല ഉരുവ"മാണെന്നു് ഒരു ചെറുമനിൽ നിന്നു് കേൾക്കുമ്പോൾ ഉണ്ടാകുന്ന മനോവികാരം എന്താണെന്നു അനുഭവിച്ചവർക്കേ അറിഞ്ഞുകൂടു.

ഏകദേശം 300 വർഷങ്ങൾക്കു മുമ്പെ ഈ സ്ഥലത്തുവച്ച് ഒരു ഭയങ്കര യുദ്ധംനടന്നു എന്നുള്ളതിന്നു് ആ ശിലാവിഗ്രഹമൊഴിച്ച് മററു യാതൊരു ലക്ഷ്യവും ഇപ്പോൾ അവിടെ കാണ്മാനില്ല. എങ്കിലും അവിടെ ഒരു യുദ്ധം നടന്നു എന്നുള്ളതിന്നു് "കണ്ടവൻ കൊള്ളയും കണിയാകുളം പോരും" എന്ന പഴയ പാട്ടു് ശരിയായ ഒരു ലക്ഷ്യംതന്നെയാണു്.

പാണ്ടിപ്പട വന്നു കൂടാരമടിച്ചതു്, നെടുനീളത്തിൽ കിടക്കുന്ന കണിയാകുളം പാടത്തിൻെറ തെക്കെ അററത്തായിരുന്നു. ഇരവിക്കുട്ടിപ്പിള്ളയുടെ നേതൃത്വത്തിൽ പുറപ്പെട്ട വേണാട്ടുപട തോട്ടിയോട്ടു്, അർദ്ധരാത്രിയോടു കൂടി വന്നുചേർന്നു അവിടെ അല്പനേരം വിശ്രമിച്ചതിനു ശേഷം ഉദയത്തിന് ഏഴു നാഴികയുള്ളപ്പോൾ അവിടെ നിന്നും തിരിച്ചു് പ്രഭാതത്തോടുകൂടി കണിയാകുളത്തിന് എതിർവശത്തുള്ള പാടത്തിൽ എത്തിച്ചേർന്നു. തൻെറ സൈന്യത്തെ ഇടം വലം വ്യൂഹമായി തയ്യാറാക്കുന്നതിനായിരുന്നു അദ്ദേഹത്തിൻെറ പിന്നത്തെ ശ്രമം. തലേദിവസം രാത്രി ഗൂഢമായി ധരിപ്പിച്ചിരുന്നതനുസരിച്ചു്, ആദ്യത്തെ സമരകാഹളധ്വനി മുഴങ്ങിയപ്പോൾ സൈന്യങ്ങൾ കൈ നിലവിട്ടു് വെളിയിൽ വന്നു ഒരുങ്ങിത്തുടങ്ങി. ഇരവിക്കുട്ടിപ്പിള്ള മുന്നണിയിൽ മദ്ധ്യഭാഗത്തു് മുഖത്തല പിടിച്ചു് നിന്നു. ശേഷംപേർ രണ്ടു വശങ്ങളിലായി നന്നാലുപേർ വീതം "എളംതല" നായകത്വം വഹിച്ചു് അതതു വിഭാഗത്തെ മുന്നോട്ടു നയിക്കാൻ തയ്യാറാകുകയാണു് ചെയ്തതു്. ഇതിൽ വലംകൈക്കു് എടത്തറ, പനയറ ആററൂരു്, കുളത്തൂരു്, ഇവരും ഇടംകൈക്കു് എളമ്പമടിച്ചൽ, ചെറുവള്ളി, ശങ്കുക്കോടി ഇവരും ഇവൎക്കു് ഓരോരുത്തൎക്കും കീഴ് ഒരു വലിയ വിഭാഗം സൈന്യവും അണി നിരക്കുകയുണ്ടായി. ഇവൎക്കു പുറകെ ഇടനിറയ്ക്കാൻ നാലു വരിയായി ഏതാനും ഭടന്മാരും സൎവ്വദാ സന്നദ്ധരായിരുന്നു. ആകപ്പാടെ ഒരു അർദ്ധചന്ദ്രാകൃതിയാണു് ആ വ്യൂഹത്തിനുണ്ടായിരുന്നതു്. "രാജ്യം, പെററ തള്ളക്കും മുമ്പു്" എന്ന രാജ്യസ്നേഹത്തോടെ എല്ലാരും അസൂയാരഹിതരായി ഒത്തൊരുമിച്ചു് നിന്നിരുന്നെങ്കിൽ ഇരവിക്കുട്ടിപ്പിള്ളയുടെ ഈ വ്യൂഹത്തെ ജയിക്കാൻ ശൂരന്മായു

രാമപ്പയ്യന് നിശ്ചയമായും സാധിക്കയില്ലായിരുന്നു. എന്തുചെയ്യാം! വേണാട്ടു് കുലംകുത്തികളെയാണ് അധികം പ്രസവിച്ചതു്. ആ നിർഭാഗ്യം അവരനുഭവിക്കാതെ നിവൃത്തിയുണ്ടോ ? സൂര്യൻ അന്നത്തെ സംഭവങ്ങൾക്ക് സാക്ഷിത്വം വഹിക്കാനെന്നു തോന്നുമാറു് സഹ്യാദ്രിയുടെ മുകളിൽ പൊങ്ങിവന്നു. രണ്ടുവശത്തുനിന്നും യുദ്ധകാഹളം മുഴങ്ങി. യുദ്ധമാരംഭിച്ചു, മുമ്പട കൂട്ടിമുട്ടി. പിന്നെയുണ്ടായ കോലാഹലം

"രണ്ടായിരം രസനയുള്ള ഫണീന്ദ്രനാലും"
വർണ്ണിക്കാവുന്നതല്ല.

"തുരിശ പരിശ കുന്തം കടത്തല ഈട്ടിക്കാറർ
"സിമ്മംപോൽ ചിനന്തുവാറാർ, ചിനന്തുവാറാർ.
"കരുത്തും പടിചിനന്തു അങ്കവരും ഇങ്കവരുമാക
"കളത്തിലെതിത്തു മുടിജനത്തിടെ മടിവാർ ചിലർ
"മടിവാർ വെടികൾ കൊണ്ടു—വെടികൾ കൊണ്ടു
"ചിലവർകൾ തലൈ ഉരുന്തു മറിന്തു വിഴന്തു
"കന്നം ശിരങ്കൾ പൊടിപെടവെ"
"ഉടലിൽ കണൈകൾകൊണ്ടു-കണൈകൾ കൊണ്ടു
ഉടലിൽ കരുതി ചിന്ത ഒൻറുപോലെ ഉരത്തിൽ
പൊരുനേരത്തിൽ"

(കണിയാകുളംപോരു്)

ഇപ്രകാരം ആയോധനം അതിഘോരമായി ഭവിച്ചു. പട്ടാണികൾ രാകുത്തന്മാർ, മറവന്മാർ, മുതലായവരെ വേണാട്ടുപട അരിഞ്ഞുവീഴ്ത്തിത്തുടങ്ങി. അനേകംപേർ പടക്കളത്തിൽ മുറിവേററുവീണു. പലരും അന്ത്യശ്വാസം വലിക്കുന്നു. അവശതയിൽ പെട്ട ആളുകൾ ഉണ്ടാക്കുന്ന ആർത്തനാദം പുറത്തു് കേൾക്കാൻ നിവൃത്തിയില്ലാത്തവിധം സേനാനായകന്മാരിൽ നിന്നും അനവരതം പുറപ്പെട്ടു

കൊണ്ടിരുന്ന ആജ്ഞകളും, പ്രോത്സാഹനത്തിനായി കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരുന്ന ആൎപ്പുവിളികളും കൊണ്ടു ആകാശം മാറെറാലിക്കൊണ്ടു. രാമപ്പയ്യന്റെ മുന്നിൽനിന്നു മരിച്ചും മുറിവേററും വീഴുന്ന തന്റെ ഭടന്മാൎക്കു പകരം പുറകെ നിന്നും സൈന്യത്തെ നീക്കിനിറുത്തിത്തുടങ്ങി. വേണാട്ടു പടയുടെ വീൎയ്യം കണ്ടിട്ടു് രാമപ്പയ്യൻ അത്ഭുതപ്പെട്ടുപോയി. അപ്പോഴേക്കു അയാൾ അശ്വസൈന്യത്തെ രണ്ടു വശത്തും കൂടി കൊണ്ടുവന്നു് വേണാട്ടുപടയുടെ അണി മുറിക്കാൻ ശ്രമിച്ചു. ഇരവിക്കുട്ടിപ്പിള്ള ഈ ആപത്തിനെ ദൂരെവച്ചുതന്നെ മനസ്സിലാക്കിയതിനാൽ തന്റെ അശ്വസൈന്യത്തെയും മുമ്പോട്ടേയ്ക്കു് നയിച്ചു. വേണാട്ടു സൈന്യത്തെ ജയിക്കാൻ വിഷമമാണെന്നു് രാമപ്പയ്യനു് തോന്നിത്തുടങ്ങി. ജയം കരസ്ഥമാക്കാൻ അധികം താമസമില്ലെന്നു് ഇരവിക്കുട്ടിപ്പിള്ളക്കു വിശ്വാസം വന്നു. അത്തുവരെ തിരിഞ്ഞുമാറാൻ സൌകൎയ്യം കിട്ടാതിരുന്ന ഊട്ടത്തറ മുതലായ ദ്രോഹികൾ ഇതാണവസരമെന്നു്, അന്യോന്യം അടയാളം കൊണ്ടറിയിച്ചു. അവർ പ്രധാന സേനാനിയുടെ അറിവു കൂടാതെ പുറകുവശത്തുള്ള അണി ഭേദിച്ചു് വഴിയുണ്ടാക്കി അടുത്തുള്ള കുന്നിൽകയറി മറുവശത്തു മറഞ്ഞു ഇങ്ങനെ ഒരു തക്കം ഉണ്ടാക്കി കൊടുക്കാമെന്നു് ആ "വിഭീഷണന്മാർ" നേരത്തെ മറവപ്പടയെ അറിയിച്ചിരുന്നതിനാൽ ശത്രുസൈന്യം രണ്ടു വശത്തുകൂടിയും വ്യൂഹംമുറിച്ചു് അകത്തുകടന്നു്, വേണാട്ടു സൈന്യത്തെ ഛിന്നഭിന്നമാക്കിത്തുടങ്ങി. വീരനായകനായ ഇരവിക്കുട്ടിപ്പിള്ള തന്റെ ഉപസേനാധിപന്മാരുടെ വഞ്ചതി ഉടൻതന്നെ മനസ്സിലാക്കി. എന്നിട്ടും നിരാശനാകാതെ 'പത്മവ്യൂഹത്തിൽപെട്ട പാർത്ഥാത്മജനെപ്പോലെ' നാലു വശവും ചുഴററി വാൾ വീശിത്തുടങ്ങി. അണി തെററി അമ്പരന്നുഴലുന്ന വേണാട്ടുഭടന്മാരെ അവർ നിഷ്പ്രയാസം അ

രിഞ്ഞുവീഴ്ത്തിത്തുടങ്ങി. തൻെറ തലവൻ ധൈര്യപൂർവം നിന്നു യുദ്ധം ചെയ്യുന്നതുകണ്ടതിനാൽ,രാജ്യസ്നേഹികളായ ഭടന്മാർ മരിക്കുന്നതുവരെ യുദ്ധം ചെയ്യാൻതന്നെ നിശ്ചയിച്ചു. അതിനാൽ രാമപ്പയ്യൻ വിചാരിച്ചതുപോലെ അത്ര എളുപ്പത്തിൽ ശത്രുസൈന്യത്തെ തോല്പിക്കാൻ സാധിച്ചില്ലാ. ഇരവിക്കുട്ടിപ്പിള്ള ജീവനോടുകൂടി ഇരിക്കുമ്പോൾ അതു സാധിക്കുകയും ഇല്ലെന്നു അയാൾ മനസ്സിലാക്കി. എന്തെന്നാൽ ആ ധീരസേനാനായകനായ വേണാട്ടുപടതലവൻ കൂടക്കൂടെ തൻെറ സൈന്യങ്ങളിൽ ശേഷിച്ചവരോട് "വീരരായ എൻെറ നാട്ടുകാരെ! മരണത്തെ നിങ്ങൾ ഭയപ്പെടരുത്. അതു വീര്യസ്വർഗ്ഗത്തേക്കുള്ള ഒരു ഇടുങ്ങിയ വാതലുമാത്രമാണ്. എന്നാൽ നമ്മുടെ നാട്ടിൻെറ നട്ടെല്ലു മുറിച്ചുകൊണ്ടു അങ്ങു ചെല്ലുന്നതു് നരകക്കുഴിയിലേക്കാണെന്നോർമ്മ വേണം. കേറിൻ മുമ്പോട്ടു കേറിൻ വേണാട്ടിന്നു—അതേ നമ്മെ പെററുവളത്തിയ നാട്ടിന്നുവേണ്ടി മരിക്കുവിൻ" ഈ വാക്കുകൾ വേണാട്ടുപടയെ വീണ്ടും വീര്യോജ്ജ്വലരാക്കി. അതിനാൽ രാമപ്പയ്യൻ ഒരു വൻചതി ചെയ്വാൻ തീർച്ചപ്പെടുത്തി. പുറകെ കൂടിവന്നു് ഇരവിക്കുട്ടിപ്പിള്ളയെ വെട്ടി വീഴ്ത്താൻ തൻെറ ഒരശ്വഭടനെ രാമപ്പയ്യൻ നിയോഗിച്ചു. ധർമ്മയുദ്ധം ലോകത്തുനിന്നും മറഞ്ഞുപോയിട്ടു കാലമെത്രയോ കഴിഞ്ഞില്ലെ. എന്നാൽ ഇരവിക്കുട്ടിപ്പിള്ള ആ സത്യസന്ധന്മാരുടെ കാലമാണു് അന്നുമിന്നുമെന്നു് ധരിച്ചുപോയി.

ഏതെങ്കിലും രാമപ്പയ്യൻെറ ചതി കുറിക്കുതന്നെ കൊണ്ടു. ആ വീരയോദ്ധാവു് 'പിൻ വെട്ടേററു് നിലത്തുവീണു "എൻെറ നാടു നശിച്ചു. എൻെറ നാട്ടുകാരുത

ന്നെ അതിനെ നശിപ്പിച്ചു. അൎമ്മേ! വേണാടെ! നീ അടി മപ്പെട്ടല്ലോ. എന്റെ കാളി! നീ ഇതിനു പകരം വീട്ടണം. വേണാട്ടിന്റെ സ്വാതന്ത്ര്യത്തെ നീ വീണ്ടെടുക്കണം. പൊന്നുതിരുമേനി! അടിയൻ ഇതിന് പ്രാപ്തനല്ലെന്ന് അന്നേ പറഞ്ഞില്ലേ. എങ്കിലും അടിയന്റെ കൎത്തവ്യം അടിയൻ നിറവേററീട്ടുണ്ട്. അടിയൻ പോന്നപ്പോൾ പറഞ്ഞപോലെ ആ കാണുന്ന അനശ്വരമായ ലോകത്ത് ചെന്നു കല്പന കാത്തുനില്ക്കാം'' ക്രമേണ അദ്ദേഹത്തിന്റെ ശബ്ദം താണുതുടങ്ങി. മരണലക്ഷണങ്ങൾ ആ ഉരുക്കിനൊത്ത ശരീരത്തെ ബാധിച്ചു. രാമപ്പയ്യൻ തലവെട്ടിയെടുക്കാനായി അടുത്തു വന്നു. അപ്പോൾ അദ്ദേഹം മന്ദസ്വരത്തിൽ അയാളോടു ഇപ്രകാരം പറഞ്ഞു

"രാമപ്പയ്യൻ! നീ നിന്റെ വാഗ്ദാനം നിറവേററി എന്നു വിചാരിച്ചു ഞെളിയുന്നു. പക്ഷേ സത്യവും നീതിയും നോക്കി നില്ക്കുന്ന ഒരു അദൃശ്യശക്തിയുടെ മുമ്പിൽ നമ്മൾക്കു രണ്ടാൾക്കും ഒരിക്കൽപോകേണ്ടിവരും. അന്നാരാണ് അവനവന്റെ ധൎമ്മത്തെ ചെയ്തു'' എന്നു തൃപ്തിപ്പെടുന്നതെന്നറിയാം. അതുവരെ നീ വമ്പു പറഞ്ഞു കൊള്ളുക. എങ്കിലും ധൎമ്മിഷ്ഠനായ തിരുമലനായ്ക്കന്ന് ഇച്ചതി യോഗ്യമാണോ എന്നു ഞാൻ ചോദിച്ചതായി പറയണം. ആട്ടെ! ഇനി നിന്റെ ഇഷ്ടംപോലെ ചെയ്തു കൊള്ളുക'' ആ ധീരപുരുഷൻ അതോടെ വീരസ്വൎഗ്ഗം പ്രാപിച്ചു. "കണിയാകുളംപോരു'' അങ്ങനെ അവസാനിക്കുകയും ചെയ്തു. രാമപ്പയ്യന്റെ മനസ്സാക്ഷി അല്പം ഒന്നു ചലിച്ചു എങ്കിലും നിവൃത്തിയില്ലാത്തതിനാൽ ഇരവിക്കുട്ടിപ്പിള്ളയുടെ ചൈതന്യഹീനമായ ശിരസ്സിനെ

ഉടലിൽ നിന്ന് വേർപെടുത്തി, പട്ടിൽ പൊതിഞ്ഞു സൂക്ഷിച്ചു രാമപ്പയ്യനും സൈന്യവും ഈത്തൻ കാട്ടിലെ പടപ്പാളയത്തിലേക്കു പോകുകയും ചെയ്തു.

---

## അദ്ധ്യായം ൯.

---

### യുദ്ധത്തിനുശേഷം.

പുലീക്കുറിശ്ശി കോട്ടയിൽവച്ച് വേണാട്ടുപടയേയും വലിയ പടത്തലവൻ ഇരവിക്കുട്ടിപ്പിള്ളയേയും യാത്രയാക്കിയതിനുശേഷം ഉണ്ണിക്കേരളവർമ്മ മഹാരാജാവ്, പത്മനാഭപുരത്ത് കൊട്ടാരത്തിൽ എഴുന്നള്ളിത്താമസിക്കുകയാണുണ്ടായത്. അനവരതം ആദികേശവനെ (തിരുവട്ടാററുമൂർത്തി) മനസാൽ സ്മരിച്ചും തൻെറ രാജ്യത്തിനു വിജയം ലഭിക്കണമെന്നു ആശംസിച്ചും ചിലപ്പോൾ പരാജയശങ്കകൊണ്ടു ഭീതിപ്പെട്ടും, സമർത്ഥനും സ്വാമിഭക്തനുമായ ആ യുവസേനാനിയിലുള്ള പൂർണ്ണവിശ്വാസം കൊണ്ടാശ്വസിച്ചും ആ പ്രജാക്ഷേമൈകതല്പരനായ മഹാരാജാവു നിമിഷം കഴിച്ചുകൂട്ടുകയായിരുന്നു. അടുത്തദിവസം പ്രഭാതംമുതൽക്കേ യുദ്ധവിവരം അറിയാൻ അക്ഷമനായി കൂടക്കൂടെ ശേവുകക്കാരെ വിളിച്ച്, 'അഞ്ചൽകുതിര' വന്നോ എന്നന്വേഷിച്ചുകൊണ്ടിരുന്നു. ഒരിക്കൽ കിട്ടിയ വാർത്ത അദ്ദേഹത്തിനു ആശ്വാസപ്രദമായിരുന്നു. അന്നു അദ്ദേഹം മനസ്സമാധാനത്തോടെ കഴിച്ചുകൂട്ടി. എന്നാൽ മൂന്നാം ദിവസത്തെ പ്രഭാതം വേണാട്ടധിപനു ശുഭോദയവേളയായിരുന്നില്ല. അന്നു അഞ്ചുനാഴിക പുലന്നതോടുകൂടി യുദ്ധസംഭവങ്ങളുടെ വിവരം മുഴുവനും മഹാരാജാവു

മനസ്സിലാക്കി. അദ്ദേഹം ശോകാധിക്യത്താൽ തലതാങ്ങി ക്കൊണ്ടു തൻെറ ഭരദേവതയായ ശ്രീപത്മനാഭനോടു ഹൃദയവേദനയോടെ പരിഭവം പറഞ്ഞു. സമത്ഥനും ധീരനുമായ വലിയ പടത്തലവൻ ഇരവിക്കുട്ടിപ്പിള്ളയോ ടുള്ള അസഹ്യമായ അസൂയനിമിത്തം നാട്ടിൻെറ അഭിമാ നം നശിപ്പിച്ച്, അപമാനം വരുത്തിവച്ച, ആ രാജ്യദ്രോ ഹികളെ ഉടനടി കഠിനമായി ശിക്ഷിക്കണമെന്ന് അദ്ദേ ഹം നിശ്ചയിച്ചു. എങ്കിലും നയകോവിദനായ ഉണ്ണിക്കേ രളവമ്മ അത്് പിന്നൊരവസരത്തിലേക്കു മാററിവച്ചു. രാജ്യത്തിൻെറ താല്ക്കാലികനിലയ്ക്കും, ആ ഇടപ്രഭുക്കന്മാ ക്ക് ഒരു പ്രബലമായ കക്ഷി രാജ്യത്തിനകത്തുണ്ടെന്നു മന സ്സിലാക്കിയതുകൊണ്ടും, ഒരു ആഭ്യന്തരകലഹം ഉണ്ടാക്കു ന്നത്് സുരക്ഷിതമല്ലെന്നു ബുദ്ധിമാനായ മഹാരാജാവ്് തീച്ചപ്പെടുത്തി. എന്നു മാത്രമല്ല, 'ശിക്ഷ'കൊണ്ട്് വൈ രാഗ്യം വർദ്ധിക്കുമ്പോൾ അവർ തിരുമലനായിക്കൻെറ വശത്തു ചേൻ്നുകാൻ എളുപ്പമുണ്ടെന്നും, രണ്ടാമത്് ഒരാ ക്രമംകൂടിയുണ്ടായാൽ രാജ്യത്തിന് അത്് ആപത്തായി ത്തീരുമെന്നും അദ്ദേഹം "വരുംഫലം" മുൻകൂട്ടി കണ്ടു. എങ്കിലും മൗനമവലംബിക്കുന്നതു ശരിയല്ലെന്നു വിചാരി ച്ച്, കഴിഞ്ഞയുദ്ധത്തിനായി വേണ്ടിവന്നാൽ അയച്ചുകൊ ടുക്കാൻ ശേഖരിച്ച്് തയ്യാറാക്കിയിരുന്ന ഒരു സൈന്യത്തെ ചാരപ്പടനായകൻ കുഞ്ചുമായിററിപ്പിള്ളയുടെ നേതൃത്വ ത്തിൽ അദ്ദേഹം തെക്കൻ ദിക്കിലേക്ക് അയച്ചു. അവർ വടശ്ശേരിക്കു സമീപം പാളയമടിച്ച്, ശത്രുക്കളുടെ ഗതി നോക്കി സൂക്ഷിക്കണമെന്ന് അദ്ദേഹം ഏപ്പാടും ചെയ്തി രുന്നു.

അടുത്തതായി, ആ മഹാനുഭാവൻ ചെയ്തതു്, ഉത്തമ രാജ്യഭക്തനായ ഇരവിക്കുട്ടിപ്പിള്ളയുടെ ശരീരത്തെ ആ പാഴ്മണ്ണിലിട്ട് കഴുകനും കാകനും തിന്നാനിടവരുത്തുന്നതു് ശരിയല്ലെന്നു് വിചാരിച്ചു് അതിനെ പല്ലക്കിൽ കയററിക്കൊണ്ടുവരാൻ ആളയച്ചതായിരുന്നു. അധികം താമസിയാതെ പുലിക്കുറിശ്ശിക്കൊട്ടാരത്തിന് മുൻവശത്തു് അതു കൊണ്ടുവരപ്പെട്ടു. ആ വീരയോദ്ധാവിൻെറ പുണ്യവതിയായ മാതാവിനു സംഭവിച്ച അപരിഹാര്യമായ നഷ്ടത്തിനും ഒരിക്കലും തീരാത്ത ആധിക്കും ഹേതുഭൂതൻ താനാണെന്നും അതിനാൽ അവരെ അല്പമെങ്കിലും ആശ്വസിപ്പിക്കേണ്ടതു് തൻെറ കടമയാണെന്നും ആ പുണ്യശ്ലോകനായ മഹാരാജാവു് വിചാരിച്ചു. പല്ലക്കിനോടൊന്നിച്ചു് അദ്ദേഹം 'വലിയവീട്ടി'ലേക്കെഴുന്നള്ളി. അതുവരെ നാതൊരു വിവരവും അറിയാതിരുന്ന വീരമാതാവിനും പത്നിക്കും ഈ ദാരുണസംഭവം അറിഞ്ഞപ്പോളുണ്ടായ ദുഃഖപാരവശ്യം എത്രമാത്രമാണെന്നു് ആക്കുംതന്നെ വണ്ണിക്കാൻ കഴിയുന്നതല്ലല്ലോ. "പൊന്നുതിരുമേനിതന്നെ തൻെറ കുപ്പപ്പുരട്ടിൽ എഴുന്നള്ളി, തൻെറ ദുഃഖത്തെ തീക്കാൻ മുതിരുന്നതു കണ്ടപ്പോൾ" രാജഭക്തിപ്രചുരിതയായ ഈശ്വരിപ്പിള്ള അല്പം ആശ്വാസപ്പെട്ടു എങ്കിലും പുത്രൻെറ അഴകൊള്ളു മുഖം ഒന്നുകൂടി കാണാൻ സാധിക്കാതെതന്നെ തൻെറ ജീവൻ പൊയ്പോകുമല്ലോ എന്നായിരുന്നു ആ വൃദ്ധമാതാവിൻെറ അസഹ്യമായ വേദന. പിന്നെ ദേവകിക്കുട്ടിയുടെ കാര്യമൊ പറയാനില്ലല്ലോ. തനിക്കു ഈ ജീവിതത്തിൽ മാതാവും പിതാവും എന്നുവേണ്ട തൻെറ സർവസ്വവും ജീവിതേശ്വരനാണെന്നു് വിചാരി

ച്ചിരുന്ന ആ സാദ്ധ്വിക്കുണ്ടായ ദുഃഖത്തിനുള്ള അളവു കണ്ടുപിടിക്കാൻ ആൎക്കുതന്നെ സാധിക്കും.

ഈ അവസരത്തിലാണ് ആ വീരസേനാനിയുടെ പ്രിയശിഷ്യൻ കാളിനായർ 'അനന്തപുരി'യിൽനിന്നുംമട ങ്ങിവന്നതു്. താനില്ലാതിരുന്ന അവസരത്തിൽ തന്റെ ആത്മഗുരുവിനു ഈ അത്യാഹിതം സംഭവിച്ചതിൽ കാളിനായൎക്ക് അതിരററ സങ്കടമുണ്ടായി. പാണ്ടിപ്പട നായകൻ തന്റെ ഗുരുവിന്റെ തലവെട്ടിക്കൊണ്ടുപോയി എന്നറിഞ്ഞ ഉടനെ കാളിനായരുടെ വീൎയ്യതേജസ്സുണൎന്നു. "തന്റെ ജീവനെ ബലി കഴിച്ചും" താൻ ആ 'അരുമപ്പെട്ട' ശിരസ്സിനെ കൊണ്ടുവരുന്നതാണെന്നു് കാളിനായർ പ്രതിജ്ഞചെയ്തു.

വന്നതൊക്കെ ദൈവവിധിയാണെന്നും രാജ്യത്തിനു വേണ്ടി ജീവത്യാഗം ചെയ്ത ആ പുണ്യപുരുഷൻ ഭാഗ്യവാനാണെന്നും, ആ തല കൊണ്ടുവന്നു സംസ്കാരം ചെയ്തതിനുശേഷം നമുക്ക് എല്ലാവൎക്കും ആ വീൎയ്യസ്വൎഗ്ഗത്തുചെന്നു അദ്ദേഹത്തോടൊന്നിച്ചു താമസിക്കാമെന്നും മററുമുള്ള ആശ്വാസവാക്കുകളെക്കൊണ്ടു് ആ മാതാവിനേയും ദേവകിക്കുട്ടിയേയും സമാധാനപ്പെടുത്തിയതിനുശേഷം മഹാരാജാവിന്റെ അനുവാദത്തോടുകൂടി തല കൊണ്ടുവരാൻ കാളിനായർ പുറപ്പെട്ടു.

തൊണ്ണൂറുദിവസത്തിനകം (മുത്തിങ്കൾക്കുള്ളെ) ഇരവിക്കുട്ടിപ്പിള്ളയുടെ തല കാഴ്ചവച്ചുകൊള്ളാമെന്നു് പ്രതിജ്ഞ ചെയ്തിരുന്നതനുസരിച്ചു്, രാമപ്പയ്യൻ അന്നുദയത്തിൽതന്നെ തല ഒരു ദൂതൻവശം പണകുടിയിലേക്കയ

ച്ചു. നായിക്കൻ ഇരവിക്കുട്ടിപ്പിള്ളയുടെ അന്ന്യാദൃശ്യ സാമ ത്ഥ്യത്തെപ്പററി കേട്ടിരുന്നതേയുള്ളു. എന്നു മാത്രമല്ല രാമപ്പയ്യൻ നേരേനിന്ന് പൊരുതുജയിച്ചിട്ടല്ലാ തല വെട്ടി എടുത്തതെന്ന് ചാരന്മാർ മുഖേന അദ്ദേഹം മുൻ കൂട്ടി ഗ്രഹിക്കയും ചെയ്തിരുന്നു. അതുനിമിത്തം ആ വീര യോദ്ധാവിൻെറ സുന്ദരമായ മുഖത്തെ കണ്ടപ്പോൾ തിരു മലനായിക്കരുടെ ഹൃദയം ക്രമത്തിലധികം വേദനിക്കുകയു ണ്ടായി. താൻ ചെയ്തത് അധമ്മവും കഷ്ടംകയ്യുമായിപ്പോ യി എന്ന് അദ്ദേഹത്തിനു ബോധപ്പെട്ടു. ഉടൻ തന്നെ ആ തലയെ അതിൻെറ ഉടലിനോടു ചേക്ക്ത്തെക്കവണ്ണം കൊടുത്തയക്കണമെന്നും ഇരവിക്കുട്ടിപ്പിള്ളയുടെ മാതാവി നോട് തൻെറ സാഹസത്തിന് ക്ഷമായാചനം ചെയ്തിരി ക്കുന്നതായിക്കൂടി അറിയിക്കണമെന്നും രാമപ്പയ്യന് ഒരു കല്പനയും ആ തലയുംകൂടി കൊടുത്തയച്ചു. ഈ സന്ദഭ് ത്തിലാണ് അതുലപരാക്രമിയായ കാളിനായർ അവിടെ ചെന്നുചേന്നത്. മാഗ്ഗമദ്ധ്യെ നിന്നവരെ തള്ളി മാററി യിട്ട് യാതൊരു ക്ലേശവും കൂടാതെ അദ്ദേഹം രാമപ്പയ്യ ൻെറ മുമ്പിൽ ചെന്നു.

ആ ഭീമകായൻെറ വരവും നോട്ടവും കണ്ടപ്പോൾ അസാമാന്യ ധൈയ്യമുള്ളവനായ രാമപ്പയ്യൻ പോലും അല്പമൊന്നു പരിഭ്രമിച്ചു പോയി. അയാളാരാണെന്നും അവിടെ ചെന്നതിൻെറ ഉദ്ദേശം എന്താണെന്നും രാമപ്പ യ്യൻ സാവധാനത്തിൽ ചോദിച്ചു. അതിനു കാളിനാ യർ:—

“ഹെ ! രാമപ്പയ്യൻ ! തനിക്ക് ഞാനാരെന്ന് അ റിയണോ ? ശരി ! പറഞ്ഞുതരാം. താൻ ചതിച്ചു തല

വെട്ടി എട്ടത്തിട്ട് ഇപ്പോൾ ജയിച്ചുകൊണ്ടു വന്നെന്ന് താനും തൻെറ തമ്പുരാനും വമ്പു ചൊല്ലി ഞെളിയുന്നില്ലേ" അന്ന് ആ തരത്തിൽ നിങ്ങളെല്ലാരും നേരേ കണ്ടാൽ പേടിച്ച് പിച്ചും പിരാന്തും പറഞ്ഞിരുന്ന ആ അഭിമാനംകൊണ്ട വീരനേതാവിൻെറ അരുമപ്പെട്ട ശിഷ്യനാണ് ഞാൻ. പേരു കാളിയെന്ന്. മനസ്സിലായോ" എന്ന് സധീരം ഉത്തരം പറഞ്ഞു.

ബുദ്ധിമാനായ രാമപ്പയ്യൻ അയാൾ അസാമാന്യനാണെന്നും, അയാളുടെ ഗുരുഭക്തി അനന്യസാധാരണമാണെന്നും മനസ്സിലാക്കിയതിനാൽ നായിക്കരുടെ കല്പന അനുസരിച്ച് തലയെ സാദരം കാളിനായരെ ഏൾപ്പിച്ചു. തൻെറ പ്രിയഗുരുവിൻെറ വീര്യതേജസ്സു വിളങ്ങുന്ന മുഖത്തെ കണ്ടപ്പോൾ ഗുരുഭക്തി പ്രചുരിതനായ കാളിനായർ, വാവിട്ടു കരഞ്ഞുപോയി. "ഹാ! ആത്മഗുരുവെ! ഈ കാഴ്ച കാളിക്കു കഠിനം. കരളു നോവിക്കുന്നത്. അന്നു പിരിഞ്ഞപ്പം കുറിച്ചത് ശരിക്കു ശരി സംഭവിച്ചല്ലോ. ഈ കട്ടംകൈ കാണിച്ചവൻെറ കരളെടുക്കേണ്ടതാണ് ഇതിനു പ്രതിവിധി. എന്നാൽ പക പാടില്ലെന്നാണല്ലൊ പരമ ഗുരുവെ! അങ്ങെനിക്കുപദേശിച്ചിട്ടുള്ളത്. അങ്ങയുടെ വാക്ക് എനിക്കു മറുത്തുകൂടാ. ശരി! ദൈവം അതിനു പകരം ചോദിച്ചുകൊള്ളും" എന്നു സമാധാനപ്പെട്ടുകൊണ്ട് കാളിനായർ അമ്പു പായുംപോലെ പാഞ്ഞുപോയി.

ആ ഭീമാകാരൻെറ അനുപമമായ ഗുരുഭക്തികണ്ട് രാമപ്പയ്യൻ അമ്പരന്നിരുന്നു പോയി. കാളിനായർ ആ

ചയുംകൊണ്ടു് നേരേ ഗൃഹത്തിലെത്തി ശിരസററ ആ ഉടലിനോടു് ചേത്തുവച്ചു. വലിയ വീട്ടിലമ്മച്ചി വാവിട്ടുവിളിച്ചു. "അരുമപ്പെട്ട മകനേ! ഇതെനിക്കാവുന്നില്ല ഇരവീ" എന്നുള്ള ആത്ത രോദനത്തോടെ അവരുടെ ഉയിരു് ഉടലിനെ വിട്ടു പിരിഞ്ഞു.

"മിന്നു കെട്ടിയപ്പോൾ ഇഹത്തിലും പരത്തിലും ഞാൻ കൂടിയുണ്ടെന്നു പറഞ്ഞതു് പരമാത്ഥമാണു് ജീവനായക! എന്നാക്രന്ദനം ചെയ്തുകൊണ്ടു് ആ പതിവ്രതാരത്നവും കഠാരികൊണ്ടു് പ്രാണത്യാഗംചെയ്തു.

മൂന്നുപേരുടെയും ശരീരങ്ങളെ സംസ്കരിക്കാനായി വലിയ വീട്ടിൽ മൂന്നിടത്തു ചിതകൾ തയ്യാറാക്കി. സകല വിധ രാജകീയാഡംബരങ്ങളും ഉണ്ടായിരിക്കണമെന്നു് മഹാശയനായ മഹാരാജാവു് കല്പിച്ചതനുസരിച്ചു് വേണ്ടതൊക്കെ ഒരുക്കി. തിരുമനസ്സുകൊണ്ടുതന്നെ സംസ്കാരസ്ഥലത്തു് എഴുന്നെള്ളി നിന്നു. അനേകം കുതിരപ്പടയും കാലാൾപ്പടയും കുഞ്ചുമായിററിപ്പിള്ള പടനായകന്റെ കീഴിൽ ചരമാഭിവാദ്യം ചെയ്യാൻ തയ്യാറായി നിന്നു. ദുഃഖസൂചകമായ വാദ്യാരവത്തോടെ ശവശരീരങ്ങളെ പല്ലക്കുകളിലെടുത്തു് സംസ്കാര ഭൂമിയിലേക്കു കൊണ്ടുപോയി. അതതു ചിതകളിൽ അവരവരെ എടുത്തു് കിടത്തി. പട്ടാളങ്ങൾ ഒരുമിച്ചു വാളുകളെടുത്തു് ആചാരം ചെയ്തിട്ടു് അവയെ താഴ്ത്തിപിടിച്ചു. ഉണ്ണിക്കേരളവമ്മ ഉത്തരീയംകൊണ്ടു കണ്ണു പൊത്തി. കാണികളെല്ലാവരും വാവിട്ടുകരഞ്ഞു. ചിതകൾക്കു തീയുംകൊളുത്തി. അങ്ങനെ ആ വീരാത്മാക്കൾ മൂന്നുപേരും വീര്യസ്വർഗ്ഗത്തെത്തി.

കാളിനായരും അന്നുതന്നെ ആത്മഹത്യചെയ്തു മരി ക്കാൻ ഉറച്ചു. മരിക്കുന്നതിന്നു മുമ്പെ അദ്ദേഹം ഇപ്രകാരം ലോകത്തെ അറിയിച്ചു. "ആരും ആശ്രയമില്ലാതെ അലഞ്ഞുനടന്ന കാലത്തു് വന്നുകേറിയതു മുതൽ വയററിന്നു വാട്ടം കൂടാതെ വിളമ്പിത്തന്നു വളത്തിയ ആ വീരമാതാപും മരിക്കുംമുമ്പെ മുൻവച്ച ചുവട്ടിന്നു പിമ്പെ നിൽക്കാൻ എൻെറ കാളി കരുത്തനെന്നു് വരുംകാലത്തിന്നു് വിളിച്ചുചൊല്ലാൻ വേണ്ടതഭ്യസിപ്പിച്ചിട്ടു് മറഞ്ഞുപോയ എൻെറ ആത്മഗുരുവും, ആത്മനാഥൻെറ പുറകെ ഞാനും ഉണ്ടെന്നു പറഞ്ഞു് ആത്മഹത്യചെയ്തുപോയ ആ ദേവിയും വേണ്ടെന്നുവച്ച ഈ പാഴ്മണ്ണിൽ ഇരുന്നെനിക്കു ഇനി മാനം നേടേണ്ട. ചതിച്ചവനു ചതി പുറകെ പററിക്കൊള്ളും. എൻെറ ഗുരുവിൻെറ പുറകെ ഞാനും പോകുന്നു." കാളിനായരുടെ ഈ ഉദ്യമത്തെ തടയാൻ മഹാരാജാവു കഴിയുന്നതും ശ്രമിച്ചു. അദ്ദേഹം തൻെറ അപേക്ഷയോടുകൂടി കുഞ്ചുമായിററിപ്പിള്ളയേയാണു് കാളിനായരുടേ സമീപത്തയച്ചതു്. അതിന്നു കാളിനായർ പറഞ്ഞ സമാധാനം ഇപ്രകാരമാണു്.

ചൈതന്യം നശിച്ച ശരീരംകൊണ്ടു് എനിക്കിനി ഒന്നും ചെയ്യാൻ ഒക്കുല്ലെന്നും ആശാൻ എന്നെ അങ്ങു ചെല്ലാൻ ചൊല്ലീട്ടുണ്ടെന്നും അതനുസരിക്കേണ്ടതു് എൻെറ കടമയാണെന്നും അതിനാൽ എൻെറ ഈ സാഹസത്തെ ക്ഷമിക്കണമെന്നും അപേക്ഷിച്ചതായി യജമാനൻ തിരുമുമ്പിൽ ഉണത്തിക്കുമല്ലൊ. അതിന്നു കുഞ്ചുമായിററി "ഈ കടുംകൈ കാണിക്കുന്നതു് ഒരു വീരഭടൻെറ

മുറയല്ല. ഇപ്പെരുന്തടി ഇതുവരെ പുലൎത്തിയതു് ഇപ്പോഴ മണ്ണിൽ വെറുതെ ആൎക്കും ഉപകാരമില്ലാതെ കുഴിച്ചുമൂടി ക്കളയാനല്ല. വലിയ യജമാനൻ ആദ്യമായിപ്പറഞ്ഞതു് വേണാടിന്നലെവരെ അണിഞ്ഞിരുന്നതും എന്നാൽ ഇ ന്നു് ആ ശത്രുക്കളൂരിക്കൊണ്ടു പോയതുമായ വീര്യച്ചിലമ്പ് തിരിച്ചു വാങ്ങികൊടുക്കണമെന്നാണു്. വേണാട്ടിനെ ജ യിച്ചെന്നു അന്തസ്സുചൊല്ലി ഞെളിയുന്ന ആ രാമപ്പയ്യ ന്നേയും കൂട്ടരേയും ഈ മന്നിലിരുത്തി വാഴിച്ചേച്ചു് നീ അങ്ങുപോകുന്നതു നിനക്കു മാനമല്ല. അതുകൊണ്ടു് നമു ക്കൊന്നിച്ചു അവരെജ്ജയിച്ചു് പൊന്നുതിരുമേനിയുടേയും നമ്മുടെ നാട്ടിൻേറയും അഭിമാനം നേടാം. എന്തുകാളീ!" ഞാൻ പറഞ്ഞതു ശരി അല്ലേ? എന്നു പറഞ്ഞു് കാളി നായരെ ആ സാഹസത്തിൽ നിന്നും പിൻമാററി. കാളി നായർ പിന്നീടുണ്ടായ സേതുപതി യുദ്ധത്തിൽ രാമപ്പയ്യ നെതിരായി സൈന്യത്തിൽ ചേൎന്നു് അയാളെ വധിച്ച തായി ഒരു ഐതിഹ്യമുണ്ടു്. അതു് ൯൧൫—അവസാന ത്തിലാണു് നടന്നതു്.

---

## അദ്ധ്യായം ൧൦.

---

എടത്തറ മുതലായ പ്രഭുക്കന്മാരെ മഹാരാജാവു് ഉട നടി ശിക്ഷിച്ചില്ലെങ്കിലും അവരുടെ പ്രഭാവത്തെ എല്ലാം കാലക്രമേണ കുറയ്ക്കുകയുണ്ടായി. രാജ്യദ്രോഹകുററം ചുമ ത്തി സൎക്കാരിൽ നിന്നും അവൎക്കു വിട്ടുകൊടുത്തിരുന്ന ഭൂമി കളെ തിരിച്ചെടുത്തു് മററു പ്രഭുക്കന്മാൎക്കു് വീതിച്ചുകൊ

ടുത്തു. അവക്ക് കളരിപ്പട സൂക്ഷിക്കാൻ പാടില്ലെന്നാജ്ഞ കൊടുത്തു. വഞ്ചതിക്കുള്ള ദൂതു വഹിച്ച എടത്തറയുടെ ഭൃത്യനെ ആറാംവഴിക്കപ്പുറം നാട്ടു കടത്തി. എടത്തറയുടെ ഗൃഹം അധികം താമസിയാതെ തീ പിടിച്ചതായി പോലും ഇപ്പോഴും ഒരു ഐതിഹ്യമുണ്ട്.

വലിയ വീട് അവകാശിയില്ലാതെ അന്യം നിന്നു പോയതിനാൽ അതിനെ സക്കാരിലെടുത്തു സൂക്ഷിച്ചു വന്നു. ഒടുവിൽ അതു അരുമന അമ്മവീട്ടുകാക്ക് രാജദത്തമായി ലഭിക്കുകയാണു ചെയ്തതു്. ഇപ്പോഴും ആ വക വസ്തുക്കൾ അവരുടെ അനുഭവത്തിൽ തന്നെ ഇരിക്കയാണെന്നുള്ളതു് വ്യക്തമാണല്ലോ.

കേരളപുരത്തേക്കു പോകുന്ന രാജപാതയുടെ ഇടതു വശത്തുകാണുന്ന ഒരു ശവക്കല്ലറ ഇരവിക്കുട്ടിപ്പിള്ളയുടേതാണെന്നു് ചിലർ തെററിധരിച്ചിട്ടുണ്ട്. അതു് ആ വീരപുരുഷൻെറ കുതിരക്കാരനായ ഒരു മഹമ്മദീയൻെറതാണെന്നു് അന്വേഷണത്തിൽ നിന്നു പലക്കും ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുഞ്ചാകോട്ടു കുന്നിൻപുറത്തും ഒരു ചെറിയ കാവും ഒന്നു രണ്ടു കല്ലുകളും ഇന്നും കാണുന്നുണ്ട്. അവിടെയാണു് കാളിനായരെ സംസ്കരിച്ചതെന്നു് അവിടെയുള്ള പല വൃദ്ധന്മാരും പറയുന്നു. മുന്നൂറു വർഷത്തിനുമുമ്പെ മണ്ണിനടിയിൽ മറഞ്ഞുപോയ ഈ ചരിത്രപുരുഷന്മാരെപ്പററി നമ്മുടെ നാട്ടുകാർ അറിഞ്ഞുതുടങ്ങീട്ടു വളരെ കുറച്ചു വഷംമാത്രമെ ആയിട്ടുള്ളൂ. ഇനിയെങ്കിലും അപ്രകാരം സംഭവിക്കാതിരിപ്പാൻ ചരിത്ര രേഖകൾ പ്രത്യേകം സൂക്ഷിക്കുന്നതിനു് ഭാവി പൌരന്മാർ

ശ്രദ്ധിക്കേണ്ടതാണ്. ഈ ചരിത്രത്തിൽനിന്നും പല പാഠങ്ങളും നാം പഠിക്കുന്നുണ്ട്. ഗുരുഭക്തി, രാജഭക്തി, രാജ്യഭക്തി, മാതൃഭക്തി, ആയോധനസാമർത്ഥ്യം, സന്മാർഗ്ഗനിഷ്ഠയുടെ പ്രയോജനം, പുത്രവാത്സല്യം, ഭർത്തൃസ്നേഹം പ്രജാവാത്സല്യത്തിന്റെ മഹിമ, മുതലായ ഉത്തമഗുണങ്ങളുടെ മഹത്വവും, അസൂയ, ചതി, രാജ്യദ്രോഹം, ഭീരുത്വം മുതലായ ദുർഗ്ഗുണങ്ങളെപ്പററിയുള്ള അവജ്ഞയും നമുക്കു ഗ്രഹിക്കാൻ കഴിയും.

ശുഭം.

ശ്രീകൃഷ്ണവിലാസഗ്രന്ഥശാല
മലയിൻകീഴ്.

4384



# ഇരവിക്കുട്ടിപ്പിള്ള

## വലിയ പടത്തലവൻ

H-384
8101
H-384

വി. നീലകണ്ഠപ്പിള്ള.

Indic Digital Archive Foundation
gpura.org